# RATHICKAL KOOTAIMA
## U A E ,QATAR & RATHICKAL
## സെൻട്രൽ കമ്മറ്റി 2024-2025

REF:RAK,CC/UAE/VPR/01 05/09/2025

## സെൻട്രൽ കമ്മിറ്റി വാർഷിക റിപ്പോർട്ട്

**ആമുഖം**

ബഹുമാന്യരേ 2011 ൽ അബുദാബി ആസ്ഥാനമാക്കി റാത്തിക്കൽ പ്രദേശത്തുള്ള വിദ്യാസമ്പന്നരും സാമൂഹിക സാംസ്കാരിക നിലയിൽ ബന്ധമുള്ള ഒരു കൂട്ടം മുതിർന്നവരും ചെറുപ്പക്കാരും ഉൾപ്പടെ ചേർന്നു **"നന്മയിൽ സഹകരണം തിന്മയിൽ നിസ്സഹകരണം"** എന്നുള്ള ആപ്ത വാക്യവുമായി രൂപം കൊടുത്ത ഒരു ചാരിറ്റി സംഘടന മാത്രമായിരുന്നു തുടക്കത്തിൽ. ഇനി ഭാവിയിലും ചാരിറ്റി എന്നൊരു സൽപ്രവർത്തനത്തിനു ഒരു കോട്ടവും തട്ടാതെ മുന്നോട്ടു പോകുമെന്ന് തന്നെയാണ് സംഘടനയുടെ പ്രഥമ ലക്ഷ്യവും. എന്നാൽ കാലക്രമേണ സംഘടനയുടെ പ്രവർത്തന ഉദ്ദേശ്യം മനസിലാക്കി റാത്തിക്കലും പരിസര പ്രദേശത്തുള്ളവരുമായ നല്ലവരായ നമ്മുടെ സഹോദരങ്ങൾ ഇതിലേക്ക് ആകർഷിക്കുകയും അംഗത്തം എടുക്കാൻ തല്പരയായി മുന്നോട്ടു വരുകയും ചെയ്തു. അതിന്റെ ഫലമായി 5 ബ്രാഞ്ചുകൾ രൂപപ്പെടുകയും അതിലൂടെ ആയിരകണക്കിന് അംഗങ്ങൾ ഇതിലേക്ക് അംഗത്വം എടുക്കുകയും ചെയ്തു. ഇന്ന് 2025 ആയപ്പോഴേക്കും സംഘടനയുടെ വളർച്ചയുടെ ഭാഗമായി അതിന്റെ രൂപവും ഭാവവും ഏറെ മാറി എന്നുള്ളതാണ്. ഇന്ന് നമ്മുടെ ജില്ലക്കകത്തു മാത്രമല്ല മറ്റുള്ള ജില്ലകളിലൂടെയും നമ്മുടെ പേരും പ്രശസ്തിയും പാറി പറന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംഘടനയുടെ ഉത്ഭവവും വളർച്ചയും കണ്ടു ഒട്ടേറെ സംഘടനകൾ രൂപം കൊള്ളാനും അതൊരു പ്രോചോദനമായി മാറിയിട്ടുണ്ട്. സംഘടന തലത്തിൽ ചാരിറ്റി മാത്രം പോരാ എന്നുള്ള ആശയവുമായി ഭൂരിപക്ഷ അംഗങ്ങൾ മുന്നോട്ടു വരികയും അതിന്റെ ഭാഗമായി 2018 ൽ ഒരു ബിസിനസ് സ്ഥാപനം തുടങ്ങുകയും അതിന്റെ ലാഭകരമായ തുടച്ചയെന്നോണം 2025 ൽ അടുത്തൊരു കച്ചവട സംരംഭത്തിന് തുടക്കം കുറിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. അൽഹംദുലില്ലാഹ് രണ്ടും അടുത്തൊരു കച്ചവട സമുച്ചയത്തിന് തറക്കല്ലിടാനുള്ള പ്രതീക്ഷക്കു വക നൽകികൊണ്ട് മുന്നോട്ടുള്ള പ്രയാണം തുടരുകയാണ്. കൂട്ടായിമയുടെ തുടക്കം മുതൽ ഇന്നുവരെയും ഇതിനൊപ്പം തോളോട് തോള് ചേർന്നു നിന്ന് അതിന്റെ പേരിനും പ്രശസ്തിക്കും വേണ്ടി പ്രവർത്തിച്ച ഒട്ടേറെ വ്യക്തികളുണ്ട് . അവരിൽ ചിലർ ഉടയതമ്പുരാന്റെ വിളിക്കു ഉത്തരം നൽകി അല്ലാഹുവിന്റെ സമക്ഷത്തിലേക്കു പോയി .അവരെയെല്ലാം ഇത്തരുണത്തിൽ ഓർക്കുകയാണ്. ഈയൊരു കാലയളവിൽ തന്നെ ദുബായ് ബ്രാഞ്ചിന്റെ മെമ്പർ ആയിരുന്ന ജനാബ് ഷിബു മൂസ അബുദാബി ബ്രാഞ്ചിൽ അംഗത്വം ഉണ്ടായിരുന്ന ജനാബ് നിയാസ് ഷാജഹാൻ ഇവരുടെ വേർപാട് വളരെ വേദനാജനകം തന്നെയായിരുന്നു. ഈ സാഹചര്യങ്ങളിൽ നമ്മുടെ കൂട്ടായിമയുടെ മഹത്വം വിളിച്ചോതുന്ന ഒരു ഘട്ടം കൂടിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമ്മുടെ സഹകരണവും ഒത്തൊരുമയും വളരെ പ്രായോജനപ്പെട്ട സന്ദർഭം കൂടിയായിരുന്നു. ഇങ്ങനെ ആകണം സംഘടനയും സംഘടനാ പ്രവർത്തനവും. നാഥൻ അവർ ഏവരുടെയും പാപങ്ങൾ പൊറുത്തുകൊടുക്കുമാറാകട്ടെ. ആമീൻ. ഒപ്പം കൂട്ടായിമയുടെ അമരക്കാരനും ചെയർമാനും കൂടിയായ ജനാബ് നൗഷാദ് അബ്ദുൾറഹ്മാനും

അദ്ദേഹത്തെ വലയം ചെയ്തിരിക്കുന്ന ബിസിനസ് ടീമിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുകയാണ്. കൂട്ടായിമയുമായി മനസ്സുകൊണ്ടും പ്രവർത്തി കൊണ്ടും ചേർന്നു നിൽക്കുന്ന മറ്റെല്ലാ അംഗങ്ങൾക്കും CC യുടെ അകമഴിഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു.

റാത്തിക്കൽ കൂട്ടായിമയുടെ പതിനാലാമതു വാർഷിക പൊതുയോഗം 20/09/2024 വെള്ളിയാഴ്ച ഓൺലൈൻ ആയി സംഘടിപ്പിക്കുകയും അതിലൂടെ പുതിയ കാലയളവിലേക്കുള്ള സെൻട്രൽ കമ്മിറ്റിയുടെ പുതിയ CC പാനല് രൂപീകരിക്കുകയും അതിലൂടെ CC പ്രസിഡന്റ് ആയി ജനാബ് അഡ്വ.അൻസാരിയെയും ജനറൽ സെക്രട്ടറി ആയി ജനാബ് നിസാമുദീൻ.വൈ യെയും ട്രെഷറർ ആയി ജനാബ് സജീം സുബൈറിനെയും വൈസ് പ്രസിഡന്റ് ആയി നജീബ്ഖാനെയും ജോയിന്റ് സെക്രട്ടറി ആയി നിസ്സാം അബ്ദുൾറഹ്മാനെയും ജോയിന്റ് ട്രെഷറർ ആയി ബുഹാരിയെയും തിരഞ്ഞെടുക്കപ്പെട്ടു. ഒപ്പം DB യുടെ ഫസ്റ്റ് മീറ്റിംഗിലൂടെ ചെയർമാനായി ജനാബ് നൗഷാദ് അബ്ദുൾറഹ്മാനെ തിരഞ്ഞെടുത്തതും സെൻട്രൽ കമ്മിറ്റിയുടെ ഭാഗമായി ലീഗൽ അഡ്വൈസർ ആയി ജനാബ് അഷീര് ഖാനെയും ഓഡിറ്റർ ആയി ജനാബ് തംബിഖാനേയും തെരഞ്ഞെടുത്തതായി CC സെക്രട്ടറി അറിയിച്ചു.

നിലവിലുള്ള കമ്മിറ്റിയുടെ അധികാരപരിധിയിലുള്ള എല്ലാ അധികാരങ്ങളും പുതിയ കമ്മിയിലേക്കു കൈമാറപ്പെട്ടു. കൂടാതെ റാത്തിക്കൽ കൂട്ടായിമ ട്രേഡിങ്ങ് ലിമിറ്റഡ് ന്റെ വാർഷിക പൊതുയോഗം 27 /09 /2024 വെള്ളിയാഴ്ച ഓൺലൈൻ മീറ്റിങ്ങായി സംഘടിപ്പിക്കുകയും അതിലൂടെ കമ്പനി സെക്രട്ടറിയുമായി ബിസിനസ് പരമായുള്ള എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ മറുപടിയിലൂടെ മീറ്റിംഗ് അവസാനിപ്പിക്കുകയും ചെയ്തു.

## സെൻട്രൽ കമ്മിറ്റി

നമ്മുടെ സംഘടനയുടെ ഈ കാലയളവിൽ CC പ്രസിഡന്റ് ആയി അഡ്വക്കേറ്റ് അൻസാരിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട സെൻട്രൽ കമ്മിറ്റിയിൽ CC സെക്രട്ടറി എന്ന നിലയിൽ ഞാനും (നിസ്സാം.വൈ) CC ട്രെഷറർ ആയി ജനാബ് സജീം സുബൈറും വളരെ ഭംഗിയായി തന്നെ ഞങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിച്ചുവെന്നു വിശ്വസിക്കട്ടെ. സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായി ചില പോരായ്മകൾ കടന്നു കൂടിയുട്ടുണ്ടാകാം, മനഃപൂർവമായി വരുത്തി തീർത്ത പോരായ്മകൾ അല്ലായെന്നു പറയട്ടെ. വിശ്വാസം അർപ്പിച്ചു ഞങ്ങളിൽ ഏൽപ്പിച്ച ചുമതലയിൽ ഏതെങ്കിലും തരത്തിൽ വിള്ളലുകൾ വീണിട്ടുണ്ടെങ്കിൽ ക്ഷമ ചോദിയ്ക്കാൻ ഈ അവസരം ഞങ്ങൾ വിനിയോഗിക്കുകയാണ്. സംഘടനാ പ്രവർത്തനങ്ങളിൽ ഏറെ പ്രവർത്തി പരിചയമുള്ള അഡ്വ.അൻസാരി ,അദ്ദേഹത്തിൽ നിന്നും സംഘടനയും സംഘടനാ പ്രവർത്തനവും എങ്ങനെ ആയിരിക്കണമെന്ന് തിരിച്ചറിഞ്ഞ ഒരു കാലഘട്ടം കൂടിയായിരുന്നു എന്നുള്ള വസ്തുത ഇവിടെ എടുത്തുപറയേണ്ട കാര്യം കൂടിയാണ്. ഭാവിയിലും കൂട്ടായിമയിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തി മുന്നോട്ടുപോകണമെന്നുള്ള ഒരു അഭിപ്രായം കൂടി നിങ്ങളുമായി പങ്കുവെക്കുകയാണ്. നമ്മുടെ സംഘടനയുമായി വളരെ അടുത്ത് നിന്ന് പ്രവർത്തിക്കുകയും അതുമായി ബന്ധപ്പെട്ടു പല പ്രധാന സ്ഥാനങ്ങളും ഏറ്റെടുത്തു ഭംഗിയാക്കുകയും ചെയ്തിട്ടുണ്ട്. ശേഷം CC യുടെ ട്രെഷറർ പോസ്റ്റിലേക്ക്

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

എത്തപ്പെടുകയും,സാമ്പത്തിക കാര്യങ്ങൾ വളരെ കൃത്യതയോടും സൂഷ്മതയോടും കൈകാര്യം ചെയ്തു എന്നതും യഥാസമയം ബ്രാഞ്ചുകളുമായുള്ള കൃത്യമായ ഇടപെടലുകളും തന്നെയാണ് അദ്ദേഹത്തെ സംഘടനയിലെ പല പോസ്റ്റുകളിലേക്കും അവരോധിതനായത്.ഇവർക്കു രണ്ടുപേർക്കും സംഘടനാപരമായ ആശംസകളുംഅനുമോദനങ്ങളും നേരുന്നതിനൊപ്പം, ഹൃദയത്തിന്റെ ഭാഷയിൽ എന്റെ വ്യക്തിപരമായ നന്ദിയും കടപ്പാടും അറിയിക്കുകയാണ്. CC സെക്രട്ടറി എന്ന നിലയിൽ എന്റെ ഒപ്പം നിന്നവരും എന്റെ പ്രിയപ്പെട്ട അംഗങ്ങളും ആണ് വിലയിരുത്തേണ്ടത്. എന്നാൽ തന്നെയും എന്റെ സ്ഥാനത്തെ മുൻനിർത്തി എന്നിൽ അർപ്പിക്കപ്പെട്ട കർത്തവ്യങ്ങൾ കേടുപാട് കൂടാതെ നിർവഹിക്കാൻ കഴിഞ്ഞുവെന്നും ആരെയും ശത്രുപക്ഷത്തു കാണാതെ മിത്രങ്ങളായി തന്നെ കണ്ടു പോകുന്നതിനിടയിൽ പാളിച്ചകൾ വന്നിട്ടുണ്ടാകാം. അതിനു ഏറെ ആക്കം കൂട്ടാതെ സദയം ക്ഷമിച്ചു പോകണം എന്നുള്ള ഒരു അഭ്യർത്ഥന കൂടി നിങ്ങളുടെ മുന്നിൽ വെക്കുകയാണ്.

### 2024-2025 കാലയളവിലേക്കുള്ള ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുക്കൽ

### സെൻട്രൽ കമ്മിറ്റി മെംബേർസ്

| No. | Name | Designation |
|---|---|---|
| 1. | J.Adv.Ansari.S | President |
| 2 | J.Nizamudeen.Y | Secretary |
| 3 | J.Sajeem Subair | Treasurer |
| 4. | J Najeebkhan | Vice-President. |
| 5 | J.Nizam A.R | Joint-Secretary |
| 6 | J.Buhari.A | Joint- Treasurer |
| 7. | J.Thambikhan | Auditor |
| 8 | J.Asheerkhan | Legal Advisor |
| | Executive Members | |
| 1. | J.Ameer Savad | Executive Member |
| 2. | J.Maheen | Executive Member |
| 3. | J.Shibu Mohd.yousuf | Executive Member |
| 4 | J.Aseem Nehuman | Executive Member |
| 5 | J.Ullas M.I | Executive Member |
| 6 | J. Hajas | Executive Member |
| 7 | J.Yaseen Ameen | Executive Member |
| 8 | J.Amlad | Executive Member |
| 9 | J. Razahu.M.I | Executive Member |
| 10 | J. Sudeersha | Executive Member |
| 11 | J.Sabu M.I | Executive Member |
| 12 | Saju Salim | Executive Member |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| | | |
|---|---|---|
| 13 | Basari.A | Executive Member |
| 14 | Sahad Siraj | Executive Member |
| 15 | Arshad.M | Executive Member |
| 16 | Thaseen Ameen | Executive Member |
| 17 | Sainudeen.S | Executive Member |
| 18 | Arshad A.R | Executive Member |
| 19 | Basheer Baiju | Executive Member |
| 20 | Mahmood.M | Executive Member |
| 21 | Nowshad A.R | Executive Member |
| 22 | J. Shakeer K.P | Executive Member |
| 23 | J. Ullas Nasarullah | Executive Member |
| 24 | J.Rafi/M.I | Executive Member |

## ദുബായ് നോർത്തേൺ എമിരേറ്റ്സ് ബ്രാഞ്ച് കമ്മിറ്റി അംഗങ്ങൾ

| No. | Name | Designation |
|---|---|---|
| 1. | J.Maheen | President |
| 2 | J.Ameer Savad | Secretary |
| 3 | J.Nizam A.R | Treasurer |
| 4. | J.Aybak M.I | Vice-President. |
| 5 | Anas Sainudheen | Joint-Secretary |
| 6 | Ameerjan.A | Auditor |
| | Executives | |
| 1. | Najeeb.M | Executive Member |
| 2. | Nizamudeen.Y | Executive Member |
| 3 | Shahul hameed | Executive Member |
| 4 | Amlad A.V | Executive Member |
| 5 | Asheerkhan M.I | Executive Member |
| 6 | Nowshad A.R | Executive Member |
| 7 | Sameer Mohd. | Executive Member |
| 8 | Siddiq A.K | Executive Member |
| 9 | Thambikhan.S | Executive Member |
| 10 | Hilal Mohd. | Executive Member |
| 11 | Saji Mustafa | Executive Member |
| 12 | Nasimuddin Shibily | Executive Member |
| 13 | Shafeeq Safarullah | Executive Member |

| | | |
|---|---|---|
| 14 | Buhari A | Executive Member |
| | J.Nowshad A.R & J.Maheen | Director Board Members |

## അലൈൻ ബ്രാഞ്ച് കമ്മിറ്റി മെംബേർസ്

| No. | Name | Designation |
|---|---|---|
| 1. | J.Shibu Mohd.yousuf | President |
| 2 | J.Aseem Nehuman | Secretary |
| 3 | J.Ullas M.I | Treasurer |
| 4. | J Abu hussain | Vice-President. |
| 5 | J.Asimudeen | Joint-Secretary |
| 6. | J.Mohammed Nizar | Auditor |
| 7. | Mujeeb M.I | Executive Member |
| 8. | Anas Hussain | Executive Member |
| | J.Ullas M.I & J.Shibu Mohd.yousuf | Director Board mebers |

## അബുദാബി ബ്രാഞ്ച് കമ്മിറ്റി മെംബേർസ്

| No. | Name | Designation |
|---|---|---|
| 1. | J. Hajas | President |
| 2 | J.Yaseen Ameen | Secretary |
| 3 | J.Amlad | Treasurer |
| 4. | J .Nowshad A.S | Vice-President. |
| 5 | J.Yaseen Ameen | Joint-Secretary |
| 6 | Sheri Shajahan | Executive Member |
| 7 | Azad A.R | Executive Member |
| 8 | Jafar Vettoor | Executive Member |
| 9 | Jahas | Executive Member |
| 10 | Jaseer Vettoor | Executive Member |
| 11 | Aji Hameed | Executive Member |
| 12 | Nisamudeen | Executive Member |
| 13 | Nujumudeen Saqafi | Executive Member |
| 14 | Pulari Mujeeb | Executive Member |
| 15 | Siddeeq  Edris | Executive Member |
| 16 | Sameer Sha | Executive Member |
| 17 | Jabbar | Executive Member |
| | J.Adv.Ansari & J.Najeebkhan | Director Board Member |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

### ഖത്തർ ബ്രാഞ്ച് കമ്മിറ്റി മെംബേർസ്

| No. | Name | Designation |
| --- | --- | --- |
| 1. | J. Razahu.M.I | President |
| 2 | J. Sudeersha | Secretary |
| 3 | J.Sabu | Treasurer |
| 4. | Nujum.M | Vice-President. |
| 5 | J.Nassar.M.I & Sahad Siraj | Joint-Secretaries |
| 6 | Shuja.S | Joint- Treasurer |
| 7. | J .Taseen Ameen | Auditor |
| 8 | Shanavas | Chief Patron |
| 9 | Amlad Haneefa | Executive Member |
| 10 | Saju Salim | Executive Member |
| 11 | Basari.A | Executive Member |
| 12 | Sahad Siraj | Executive Member |
| 13 | Arshad.M | Executive Member |
| 14 | Thaseen Ameen | Executive Member |
| 15 | Sainudeen.S | Executive Member |
| 16 | Arshad A.R | Executive Member |
| 17 | Basheer Baiju | Executive Member |
| 18 | Riyas.A | Executive Member |
| 19 | Rafahath.M.I | Executive Member |
| 20 | Thanzil Ameen | Executive Member |
| 21 | Arshad M | Executive Member |
| 22 | Anzari.H | Executive Member |
| 23 | Sajeev Salim | Executive Member |
| 24 | Amlad.K | Executive Member |
| 25 | Ameer. B | Executive Member |
| 26 | Noorsha Rafahath | Executive Member |
| 27 | Shafeeq .S | Executive Member |
| 28 | Thahir .T | Executive Member |
| 29 | Anil Razaq | Executive Member |
| 30 | Shanavas A.H | Executive Member |
| 31 | Shaifan .S | Executive Member |
| 32 | Baji Sainulabden | Executive Member |
| 33 | Sajeev A.S | Executive Member |
| 34 | Akbar.A | Executive Member |
| 35 | Koshy.H | Executive Member |
|  | J.Baiju,J.Saju Salim & Sahad Siraj | Director Board Members |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

### റാതിക്കൽ ബ്രാഞ്ച് കമ്മിറ്റി മെംബേർസ്

| No. | Name | Designation |
|---|---|---|
| 1. | J. Shakeer K.P | President |
| 2 | J. Ullas Nasarullah | Secretary |
| 3 | J.Rafi/M.I | Treasurer |
| 4. | J.Rasheed | Vice-President. |
| 5 | J.Thaha | Joint-Secretary |
| 6 | J.Ullas.T | Joint- Treasurer |
| 7. | J .Kalam haji | Auditor |
| 8 | Altaf | Area Co-ordinator |
| 9 | M.I.KAMIL | EXECUTIVE MEMBER |
| 10 | A.R.SHUJAHI | EXECUTIVE MEMBER |
| 11 | A.IQBAL | EXECUTIVE MEMBER |
| 12 | FAZIL M.K | EXECUTIVE MEMBER |
| 13 | N.M.SHAFI | EXECUTIVE MEMBER |
| 14 | M.A.SHUKKOOR | EXECUTIVE MEMBER |
| 15 | MAHMOOD.A | EXECUTIVE MEMBER |
| 16 | A.M.HUSSAIN | EXECUTIVE MEMBER |
| 17 | FAROOQ A.S | EXECUTIVE MEMBER |
| 18 | NADIRSHA | EXECUTIVE MEMBER |
| 19 | SAKEER A.R | EXECUTIVE MEMBER |
| 20 | ABDUL SAMAD | EXECUTIVE MEMBER |
| 21 | S.A.SAMAD | EXECUTIVE MEMBER |
| 22 | FAROOK | EXECUTIVE MEMBER |
| 23 | SHAJI.PULIVILA | EXECUTIVE MEMBER |
| 24 | YAFID | EXECUTIVE MEMBER |
| 25 | HAFEEL | EXECUTIVE MEMBER |
| 26 | SHIBU.PUTHEN VEEDU | EXECUTIVE MEMBER |
| 27 | ANSAR .S | EXECUTIVE MEMBER |
| 28 | KAFFAR | EXECUTIVE MEMBER |
| 29 | MUJEEB PUTHEN VEEDU | EXECUTIVE MEMBER |
| J.Shajir,J.Kalam, Shamsudeen Shaji,J.Shakir.K.P & Alif | | Director Board Members |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| റാക്മാർട്ടു ഡയറക്ടർ ബോർഡ് അംഗങ്ങൾ | | |
|---|---|---|
| **No.** | **Name** | **Designation** |
| 1. | J. Nowshad A.R | Chairman |
| 2 | J. Shajir | DB Member |
| 3 | J.Kalam | DB Member |
| 4. | J.Shamsudeen | DB Member |
| 5 | J.Shaji | DB Member |
| 6 | J.Shakir | DB Member |
| 7. | J .Alif | DB Member |
| 8. | J.Maheen | DB Member |
| 9. | J.UllasM.I | DB Member |
| 10 | J.Shibu Mohd.yousuf | DB Member |
| 11 | Ansari.S | DB Member |
| 12. | Najeebkhan | DB Member |
| 13 | Baiju.B | DB Member |
| 14 | Saju Salim | DB Member |
| 15 | Sahad Siraj | DB Member |

റാക്ഫ്രഷ് എന്ന് നാമകരണം ചെയ്യപ്പെട്ട നമ്മുടെ രണ്ടാമത്തെ കച്ചവട സ്ഥാപനത്തിന്റെ നല്ല നടത്തിപ്പിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബിസിനസ് കമ്മിറ്റി രൂപീകരിക്കുകയും അതിലൂടെ നല്ല രീതിയിലുള്ള കച്ചവടം നടന്നുപോകുന്നു.

| റാക്ഫ്രഷ് ഡയറക്ടർ ബോർഡ് അംഗങ്ങൾ | | |
|---|---|---|
| **No.** | **Name** | **Designation** |
| 1. | J. Nowshad A.R | Promotor |
| 2 | J. Shajir | Promotor |
| 3 | J.Baiju | Administration |
| 4. | J.Ullas | Accounts&Inventory |
| 5 | J.Sahad Siraj | Inventory |
| 6 | J.Shibu Mohd.Yousuf | HR |
| 7. | J .Shakeer | BD |
| 8. | J.Sainudeen | Patron |
| 9. | J. Saju Salim | DB Member |
| 10 | J.Koshi | DB Member |
| 11 | J.Najeebkhan | DB Member |
| 12. | J.Shamnad | DB Member |
| 13 | J.Nissam A.R | DB Member |

# RATHICKAL KOOTAIMA
## U A E ,QATAR & RATHICKAL
## സെൻട്രൽ കമ്മറ്റി 2024-2025

| | | |
|---|---|---|
| 14 | J.Adv.Ansari | CCP Rak/ DB Member |
| 15 | J.Lamrath | DB Member |
| 16 | J.Abdul Shukoor | DB Member |
| 17 | J.Fazil | DB Member |
| 18 | J.Saheer.M.I | DB Member |
| 19 | J.Shamsudeen | DB Member |
| 20 | J.Aybak M.I | DB Member |
| 21 | J.Arshad A.R | DB Member |
| 22 | J.Abdulkalam | DB Member |
| 23 | J.Jahangeer-Odayam | DB Member |
| 24 | J.Azad-Odayam | DB Member |
| 25 | J.Salim Kutty-Odayam | DB Member |
| 26 | J.Abdul Shukoor-Odayam | DB Member |
| | Permenant Invitees | |
| 1 | J.Alif | Invitees |
| 2 | J.Kalam puthenveedu | Invitees |
| 3 | J.Shajahan | Invitees |
| 4. | J.Ansar Rak | Invitees |
| 5. | J.Mujeeb Tripti | Invitees |
| 6. | J.Maheen | Invitees |
| 7. | J.Jaseer | Invitees |
| 8. | A.Salam | Invitees |
| 9. | Aseem hussain | Invitees |
| 10 | Azad A.R | Invitees |
| 11 | J.Saifudeen | Invitees |

## രക്ഷാധികാരി കമ്മിറ്റിയുടെ അംഗങ്ങൾ

| Sl.No | Name | Designation |
|---|---|---|
| 1. | Janab. Mahmood (Rathickal) | Chairman(Tem.Relieved) |
| 2. | Janab.Shukkoor (Rathickal) | Committee member |
| 3, | Janab.Kalam Haji (Rathickal) | Committee member |
| 4. | Janab.Nadersha (Rathickal) | Committee member |
| 5. | Janab.Kamil (Rathickal) | Committee member |
| 6. | Janab.Panthiyil Zakeer (Rathickal) | Committee member |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| | | |
|---|---|---|
| 7. | Janab.Hussain (Rathickal) | Committee member |
| 8. | Janab.Fazil (Rathickal) | Committee member |
| 9. | Janab.Abdulsamad. (Rathickal) | Committee member |
| 10. | Janab.Rasheed (Rathickal) | Committee member |
| 11. | Janab.Ullas M.I (Al-Ain) | Committee member |
| 12. | Janab.Aybak M.I (Dubai) | Committee member |
| 13. | Janab.Azad A.R (Abudhabi) | Committee member |
| 14. | Janab.Hakkim Koshi (Qatar) | Committee member |
| 15 | Janab. Nassar M.I (Qatar) | Committee member |

**സംഘടനയുടെ കഴിഞ്ഞ 12 മാസകാലംകൊണ്ടു ഒട്ടേറെ സൽപ്രവർത്തനങ്ങൾ ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് നമ്മളോരോരുത്തർക്കും അഭിമാനിക്കാൻ വകയുള്ളതാണ്. അതിൽ പ്രധാനപ്പെട്ട ചിലതു ചുവടെ ചേർക്കുന്നു.**

## റാക്ഫ്രഷ്

CC യുടെ കഴിഞ്ഞ 12 മാസത്തെ പ്രവർത്തന റിപ്പോർട്ട് പറഞ്ഞു തുടങ്ങിയാൽ ആദ്യത്തെ ഊഴം നമ്മുടെ രണ്ടാമത്തെ ബിസിനസ് സംരംഭമായ റാക്ഫ്രഷ് തന്നെയായിരിക്കും. അതിന്റെയൊരു ആശയം ഉടലെടുത്തത് കഴിഞ്ഞകാല DB കാലഘട്ടത്തിൽ ആയിരുന്നു. അതിന്റെ ആവശ്യാർഥം പല സ്ഥലങ്ങളിൽ ആയി നമുക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി ഓടയം അഞ്ചുമുക്ക് ഭാഗത്തു കച്ചവടം നടന്നുകൊണ്ടിരുന്ന കൊല്ലം സ്റ്റോറിന്റെ ഉടമസ്ഥതയിലുള്ള പ്ലോട്ടും സ്ഥാപനവും കാണുകയും ചർച്ചകൾക്കൊടുവിൽ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. എടുത്ത തീരുമാനത്തിന് മേൽ കാലതാമസം കൂടാതെ തന്നെ 5 ലക്ഷം രൂപ അഡ്വാൻസ് ആയി നൽകി കരാർ ഉറപ്പിക്കുകയായിരുന്നു. ഇങ്ങനെയൊരു ആശയം കൊണ്ടുവരികയും അത് നടത്തിയെടുക്കാൻ പ്രയത്നിച്ച കഴിഞ്ഞ കാല DB ഔദ്യോഗിക ചെയർമാൻ ആയിരുന്ന ജനാബ് അഷീർഖാനും ആക്ടിങ് ചെയർമാൻ ആയി എല്ലാ കാര്യങ്ങളും നോക്കി നടത്തിയിരുന്ന ജനാബ് നൗഷാദ് അബ്ദുൾറഹ്മാനും മറ്റു അംഗങ്ങൾക്കും ഒപ്പം ഈ ആശയ വിനിമയങ്ങൾക്കു കാതു കൂർപ്പിച്ചു എല്ലാവിധ പിന്തുണയും നൽകി പോന്ന CC പ്രസിഡന്റ് ആയിരുന്ന ജനാബ് അര്ശിന്റെ നേതൃത്വത്തിലുള്ള സെൻട്രൽ കമ്മിറ്റിക്കും ഇത്തരുണത്തിൽ CC യുടെ അകമഴിഞ്ഞ സ്നേഹാദരങ്ങളും നന്ദിയും കടപ്പാടുമറിയിക്കുകയാണ്. അതിനുശേഷം പുതിയ DB നിലവിൽ വരികയും അതിന്റെ തുടർ പ്രവർത്തനം ആരംഭിക്കുകയും,അതിനായി സംഘടനാതലത്തിൽ ചർച്ചക്ക് വെക്കുകയും ബ്രാഞ്ച് ബേസിൽ ക്യാഷ് കളക്ഷന്റെ കാര്യത്തിൽ DB ഒരു നിർദേശം തരുകയും അതിന് പ്രകാരം ചുരുങ്ങിയ സമയത്തിനുള്ളിൽ ആവശ്യമായ ഫണ്ട് കണ്ടെത്തുകയും പ്രോപ്പർട്ടി രെജിസ്ട്രേഷൻ പറഞ്ഞ സമയത്തിനുള്ളിൽ നടക്കുകയും ചെയ്തു. പ്രോപ്പർട്ടി രെജിസ്ട്രേഷനായി 3.55

കോടി രൂപയും (മൂന്ന് കോടി അമ്പത്തിഅഞ്ചു ലക്ഷം രൂപ ) ബിസിനസ് അതിന്റെ പൂർണ സ്ഥിതിയിൽ എത്തിക്കുന്നതിനായി അധികം ഒന്നര കോടി രൂപ കൂടി ആവശ്യമായി വരുകയും അതും സമയബന്ധിതമായി തന്നെ കണ്ടെത്തി തീരുമാനിച്ചുറച്ച പ്രകാരം 2025 ഫെബ്രുവരി 27 നു ഉൽഘാടന കർമം നിർവഹിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. റാക് ഫ്രഷിന്റെ ഇപ്പോഴത്തെ അവസ്ഥയിലേക്ക് എത്തപ്പെടാൻ ബഹുമാന്യനായ ചെയർമാനൊപ്പം പ്രവർത്തിച്ചുപോയ ഒരു ടീം തന്നെയുണ്ട്. അതിൽ ഖത്തറിൽ നിന്നും നാട്ടിലേക്കു എത്തപ്പെട്ട ജനാബ് ബൈജുവിന്റെ ഇടപെടൽ വളരെ വലുതാണ്. അദ്ദേഹത്തിന്റെ അവധിക്കാലം മുഴുവൻ അതിനായി വിനിയോഗിച്ചുവെന്നു തന്നെ പറയാം. ഫണ്ട് കളക്ഷനിൽ അദ്ദേഹം എടുത്ത ശ്രമം വളരെ വിലപ്പെട്ടതാണ്. ഒപ്പം അദ്ദേഹത്തിന്റെ സേവനം റാക് മാർട്ടിലും ലഭ്യമായിട്ടുണ്ട്. അദ്ദേഹത്തിനൊപ്പം DB യിൽ നിന്നും നാട്ടിലുള്ള ,ജനാബ് ഷംസുദീൻ ,ജ.അലിഫ്,ജ.കലാം,ജ.സാജര്, ജ.സക്കീർ എന്നിവരും അല്ലാതെ ജനാബ് ഷുക്കൂർ,ജ.കലാം ഹാജി,ജ.ഫാസിൽ,ജ.ഇംഷാ എന്നിവരും വളരെ ആത്മാർത്ഥമായി തന്നെ ഇതിനൊപ്പമുണ്ടായിരുന്നു. ഇവരിൽ നിന്നൊക്കെ നമ്മുടെ സ്ഥാപനത്തിന് കിട്ടിയിട്ടുള്ള വിലപ്പെട്ട സേവനം മുൻനിർത്തി CC യുടെ അഭിനന്ദനം അറിയിക്കുകയാണ്. കച്ചവടത്തിന് വേണ്ടിയുള്ള വളർച്ചക്കു അവിടത്തെ തന്നെ പ്രാദേശികവാസികളെ കൂടി ഉൾപ്പെടുത്തി മുന്നോട്ടു പോകണമെന്നുള്ള തീരുമാനം വളരെ അനുയോജ്യമായിരുന്നുവെന്നും അവരിലേക്ക് 1,42,50,000/- രൂപയുടെ ഷെയർ എത്തിച്ചു നൂറു കുടുംബങ്ങളെ ഇതിലേക്ക് കൊണ്ടുവരുകയും ചെയ്തു.ഒപ്പം നീക്കിയിരിപ്പു തുകയുടെ ഭാഗമായിട്ടുള്ള ഒരു കോടി രൂപ നമ്മുടെ നിലവിലെ റാക്മാർട്ടിൽ എടുക്കുകയും ചെയ്തു. അതിന്റെ അവകാശികൾ റാക്മാർട്ടിലെ നിക്ഷേപകർ തന്നെയാണ്. ഇതുമായിട്ടുള്ള ബിസിനസ്സിന്റെ ഗ്രാഫിൽ ആശങ്കക്ക് വകയില്ലയെന്നും വളരെ നല്ലരീതിയിൽ തന്നെയാണ് മുന്നോട്ടു പോകുന്നുവെന്നും DB യിൽ നിന്നുള്ള റിപ്പോർട്ടിന് മേൽ രേഖപ്പെടുത്തുകയാണ്. ചില അറ്റകുറ്റ പണികൾ റാക്പാലസ് ഹോട്ടലിൽ ബാക്കി ഉണ്ടായതിനാൽ റാക് ഫ്രഷ് സൂപ്പർമാർക്കറ്റിന്റെ ഉൽഘാടനത്തോടൊപ്പം ഹോട്ടലിന്റെ ഉൽഘാടനം നടത്താൻ സാധിച്ചിരുന്നില്ല.എന്നാൽ ഒട്ടും വൈകാതെ തന്നെ പണികൾ തീർത്തു കസ്റ്റമേഴ്സിനായി തുറന്നു കൊടുക്കപ്പെട്ടു. റക്പാലസ് ഹോട്ടലിന്റെ ദേശീയവും അന്തർ ദേശീയവുമായ വിപണനത്തിന് ഉതകും വിധം ഗൂഗിൾ ലിസ്റ്റ് ചെയ്യപ്പെടാനും, ബുക്കിംഗ് .കോം പോലുള്ള പ്ലാറ്റുഫോമുകൾ ഉപയോഗപ്രദമാക്കാനും വേണ്ടിയുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അതിലൂടെ കച്ചവട സാധ്യത വര്ധിച്ചിട്ടുമുണ്ട്. കൂടാതെ റാക്ഫ്രഷ്ന്റെയും, റാക് പാലസ് ഹോട്ടലിന്റെയും കച്ചവട സാഹചര്യം കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനായി ലിഫ്റ്റ്ന്റെ ആവശ്യകത അനിവാര്യമായതിനാൽ ഏകദേശം 30 ലക്ഷത്തോളം രൂപ അതിനായി കണ്ടെത്തേണ്ടതുണ്ട്. അതിൽ 15 ലക്ഷത്തോളം അവിടെയുള്ള പ്രാദേശികവാസികളിൽ നിന്നും ബാക്കി 15 ലക്ഷം നമ്മുടെ അംഗങ്ങളിൽ നിന്നുമാണ് പ്രതീക്ഷിക്കുന്നത്. അതിനായി നമ്മുടെ തന്നെ അംഗങ്ങളിലേക്കു ഓഹരി വിതരണത്തെ കുറിച്ചുള്ള അറിയിപ്പ് CC യിലൂടെ അറിയിക്കുകയും അത് നമ്മുടെ ചുമതല എന്നോണം ഏറ്റെടുക്കുകയും ലിഫ്റ്റ്ന്റെ വർക്ക് പുരോഗതിയിൽ ആണെന്നും ചെയർമാൻ അറിയിക്കുകയുണ്ടായി. റാക് ഫ്രഷ്ന്റെ തുടക്കത്തിൽ ഉള്ള പ്രഖ്യാപിത കച്ചവട ലക്ഷ്യം 2.25 ലക്ഷം രൂപയായിരുന്നു. അത് ഏകദേശം

# RATHICKAL KOOTAIMA
## U A E ,QATAR & RATHICKAL
## സെൻട്രൽ കമ്മറ്റി 2024-2025

എത്തിക്കഴിഞ്ഞുവെന്നും എന്നാൽ കച്ചവട വികസനത്തിന്റെ ഭാഗമായി അതൊരു 3 ലക്ഷത്തിലേക്ക് എത്തിയാൽ മാത്രമേ നമ്മുടെ ഉദ്ദേശ ലക്ഷ്യത്തിലേക്കു എത്തപ്പെടുകയുള്ളുവെന്നും അതിനു ഈ ലിഫ്റ്റ്ന്റെ വരവ് വളരെയധികം സഹായകമാകുമെന്നും നമുക്കേവർക്കും വിശ്വസിക്കാം. എന്നാൽ റാക്ഫ്രഷിന്റെ ലാഭവിഹിതം ഒരു വർഷത്തിന് ശേഷം മാത്രമേ വിതരണം ചെയ്യാനാകൂ എന്നുള്ളതും നിക്ഷേപകരെ അറിയിക്കുകയുണ്ടായി. റക്ഫ്രഷ് മായി ബന്ധപ്പെടുത്തി ഒരു ഇൻവെസ്റ്റേർസ് മീറ്റ് സംഘടിപ്പിക്കുകയും അതിലൂടെ ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുകയും ചെയ്തു. റക്ഫ്രഷിന്റെ ഏറ്റവും വലിയ ഓഹരി ഉടമ നമ്മുടെ റാക് മാർട്ട് തന്നെയാണ്. അതിലൂടെ ഒരു കോടി രൂപ ഇൻവെസ്റ്റ് ചെയ്യുകയും അതിന്റെ ഷെയർ സർട്ടിഫിക്കറ്റ് നമ്മുടെ സീനിയർ അംഗവും ആയ ജനാബ് റാഫിയിലൂടെ ഏറ്റു വാങ്ങുകയുണ്ടായി.

ഇതിനെല്ലാം ചുക്കാൻ പിടിച്ച DB ചെയർമാനും അദ്ദേഹത്തിനൊപ്പം എല്ലാ കാര്യങ്ങൾക്കും പൂർണ പിന്തുണ നൽകി വിജയിപ്പിച്ചെടുത്ത ഈ സംരഭം വരുന്ന തലമുറകൾക്കു കൂടി ഉപയോഗപ്രഥമാകും വിധം എക്കാലവും നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ഒപ്പം നിലവിലെ സെൻട്രൽ കമ്മിറ്റിക്കും മറ്റെല്ലാ ബ്രാഞ്ച് ഭാരവാഹികൾക്കും എന്നും താങ്ങും തണലുമായി നമ്മോടു സഹകരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട അംഗങ്ങൾക്കും നന്ദിയും കടപ്പാടും അറിയിക്കുകയാണ്.

റാക്ഫ്രഷ് ഫണ്ട് കളക്ഷനുമായി ബന്ധപ്പെട്ടു എല്ലാ ബ്രാഞ്ചുകളിലൂടെയും , ഒപ്പം റാക്മാർട്, ഓടയം ഭാഗത്തു നിന്നുള്ള കളക്ഷൻ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| RAKFRESH COLLECTION BASED ON ALLBRANCHES &ODAYAM UNTIL 31/03/2025 | | | |
|---|---|---|---|
| SLNo | BRANCH | AMOUNT (RS) | REMARKS |
| 1. | PAID UP CAPITAL | 100,000.00 | |
| 2. | ABUDHABI | 5,300,000.00 | |
| 3 | AL AIN | 1,450,000.00 | |
| 4. | DUBAI | 5,850,000.00 | |
| 5. | QATAR | 6,950,000.00 | |
| 6 | RATHICKAL | 6,100,000.00 | |
| 7. | ODAYAM | 14,250,000.00 | |
| 8. | RAKMART | 10,000,000.00 | |
| | **TOTAL** | **50,000,000.00** | |

റാക്ഫ്രഷ് ലിഫ്റ്റ് ഫണ്ട് കളക്ഷനുമായി ബന്ധപ്പെട്ടു ഇതുവരെ കളക്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു.

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| RAKFRESH 3RD ALLOTMENT FUND COLLECTION FOR LIFT INSTALLATION | | | |
|---|---|---|---|
| SLNo | DESCRIPTION | AMOUNT (RS) | REMARKS |
| 1. | TOTAL RECEIVED | 1,750,000.00 | |
| | **TOTAL** | **1,750,000.00** | |

## റാക് മാർട്ടിന്റെ പ്രവര്ത്തനം വിലയിരുത്തല്

റാക്മാർട്ടിന്റെ പ്രവർത്തനം വളരെ നല്ല രീതിയിൽ തന്നെ മുന്നോട്ടു പോകുന്നുവെന്നും എന്നാൽ നമുക്ക് മറ്റൊരു സ്ഥാപനത്തിലൂടെയുള്ള വെല്ലുവിളികളും നമുക്കു വിഷയമായി വന്നിട്ടില്ലായെന്നും ബിസിനസ് ലീഡ് ചെയുന്ന ടീമിന്റെ ചെയർമാൻ അറിയിച്ചിട്ടുണ്ട്. വർഷത്തിൽ 3 തവണ ലാഭവിഹിതം നൽകിവരുന്നു. ഓരോ തവണയും ലാഭ ശതമാനം വര്ധിച്ചുവരുന്നുവെന്നുള്ളത് കച്ചവട ലാഭത്തിന്റെ വളർച്ച തന്നെയാണ് സൂചിപ്പിക്കുന്നത്. ഇൻവെന്ററിയുമായി ബന്ധപ്പെട്ടു ഒരുപാടു നൂലാമാലകൾ തുടക്കം മുതൽ റാക്മാർട്ടിൽ നമ്മൾ അഭിമുഖീകരിക്കുന്നുണ്ടായിരുന്നു. എന്നാൽ അതിനൊരു അവസാനം എന്ന നിലയിൽ ജനാബ് ഉല്ലാസ് എം ഐ , ജനാബ് സഹദ് സിറാജ് അവരുടെ ഇടപെടൽ വളരെ അധികം ഉപയോഗപ്പെട്ടു എന്നുള്ളതാണ്. ഏകദേശം 90% ത്തോളം പരിഹരിച്ചുവെന്നു തന്നെ പറയാം . വരും സമയങ്ങളിൽ അതും പരിഹരിച്ചുതന്നെ പോകുമെന്നുള്ള വിശ്വാസവും അവരിൽ അർപ്പിച്ചിരിക്കുകയാണ്. അതിനായി അവർ എടുത്ത പരിശ്രമം വിഫലമായില്ല എന്ന് തന്നെയാണ് അറിയിക്കാനുള്ളത്. അവർക്കേവർക്കും കൂട്ടായിമയുടെയും ഒപ്പം CC യുടെയും നന്ദിയും കടപ്പാടും അറിയിക്കുകയാണ്. സമയാ സമയങ്ങളിൽ സ്റ്റോക്ക് എടുപ്പ് നടത്തുകയും അതിലൂടെയുള്ള പോരായ്മകൾ നികത്തി മുന്നോട്ടു പോകുകയും ചെയ്യുന്നു. ഒപ്പം ചേർത്ത് പറഞ്ഞു അഭിനന്ദിക്കാനുള്ള വ്യക്തികളിൽ ജനാബ് അൻസർ,അലിഫ് ,ഉല്ലാസ് , ഇവരുടെ എല്ലാം ഒരു കൂട്ടായ പ്രവർത്തനം റാക്മാർട്ടിന്റെ ദൈനംദിന പ്രവർത്തികളിൽ വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. എല്ലാ ഓരോരുത്തർക്കും CC യുടെ പേരിലും കൂട്ടായിമയുടെ പേരിലും അഭിനന്ദനങ്ങളുടെ പൂച്ചെണ്ട് അർപ്പിക്കുകയാണ്.

## റാക്മാർട്ടു വാർഷികാഘോഷം

റാക്മാർട്ട് തുടങ്ങി മഹത്തായ 7 വര്ഷം പിന്നിടുകയും, ആ സന്തോഷകരമായ സാഹചര്യം നമ്മൾ ഓരോരുത്തരും അനുഭവിച്ചറിയുന്നതിനൊപ്പം നമ്മുടെ കച്ചവടത്തിന്റെ നെടുംതൂണായ ഉപഭോക്താക്കൾ കൂടി അറിയണമെന്ന് ആഗ്രഹിച്ചുകൊണ്ട് ആയൊരു ദിനത്തിൽ അവർക്കായി ഒരുപാടു വിലക്കിഴിവുകളും ,സമ്മാനങ്ങളും പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 08/08/2025 ൽ നടന്ന നമ്മുടെ വാർഷിക ദിനത്തോട് അനുബന്ധിച്ചു നടന്ന കച്ചവടത്തിന്റെ തോത് വളരെ വലുതായിരുന്നു. ഏകദേശം 1626000 /- രൂപയുടെ കച്ചവടം നടന്നു. അതുമായി ബന്ധപ്പെട്ടു നമ്മുടെ സംഘടനാ തലത്തിലുള്ള അംഗങ്ങളുടെ പ്രവർത്തനത്തെ എടുത്തു പറഞ്ഞു ചെയർമാൻ അഭിനന്ദിക്കുകയുണ്ടായി.വാർഷികാഘോഷത്തിന്റെ ഭാഗമായി നടന്ന കച്ചവടത്തിന്റെ ലാഭവിഹിതത്തിൽ നിന്നും നമ്മുടെ സ്റ്റാഫ്കൾക്കു ഒരു വിഹിതം കൊടുക്കാനും തീരുമാനമെടുത്തു. കസ്റ്റമേഴ്സിനെ ആകർഷിക്കാനായി

സംഘടനാതലത്തിൽ എടുത്ത പരിശ്രമം അത് ഒട്ടും തന്നെ വിസ്മരിക്കാനാവില്ല പ്രോഫിറ്റ് മാർജിൻ കുറച്ചു ബിസിനസ് വോളിയം കൂട്ടാന് എടുത്ത ബിസിനസ് തന്ത്രം ഒരു കൈമുതലായി തന്നെ കൊണ്ടുപോകണമെന്ന് CC നിര്ദേശിക്കുകയാണ്. ഒപ്പം ഓണാഘോഷത്തിന്റെ ഭാഗമായി കച്ചവടത്തിനായി ഒട്ടേറെ പ്രൊമോഷൻസ് പ്രഖ്യാപിച്ചു സ്ഥാപനം ഒരുങ്ങി കഴിഞ്ഞുവെന്നും എന്നാൽ കച്ചവട സാധ്യതയുള്ള ഏതൊരു സാഹചര്യത്തെയും പരമാവധി ഉപയോഗപ്പെടുത്തുന്നുവെന്നുള്ളതാണ് നമ്മുടെ തന്നെ ഒരു പ്രതേകതയും എന്നറിയിക്കുകയാണ്.

## മെറിറ്റ് ഈവെനിംഗ്.

മെറിറ്റ് ഈവെനിംഗ് 2024 ആയി ബന്ധപ്പെട്ടു CC മീറ്റിംഗ് കൂടി അതിനായി ഒരു ടീമിനെ നിയോഗിക്കുകയും അവരിലൂടെ കാര്യങ്ങൾ വളരെ ഭംഗിയായി നടന്നു.2025 ഡിസംബർ 28,29 തീയതികളിൽ മെറിറ്റ് ഈവെനിംഗ് നടത്താൻ തീരുമാനിക്കുകയും അതിൻപ്രകാരം അതിഥികളായി നാട്ടിലെ മത സാമൂഹിക സാംസ്‌കാരിക രാഷ്ട്രീയ നേതാക്കളെ ഉൾപ്പെടുത്തുകയും , ചീഫ് ഗസ്റ്റ് ആയി ബഹുമാന്യനായ റിട്ടയേർഡ് IPS ഉദ്യോഗസ്ഥനായ ശ്രീമാൻ അലക്സാണ്ടർ ജോസഫ് സാറിനെ ക്ഷണിക്കുകയും അദ്ദേഹം നമ്മുടെ ക്ഷണം സ്വീകരിച്ചു യഥാസമയം എത്തുകയും സന്നിഹിതരായവർക് ഉപയോഗപ്രദമായ രീതിയിലുള്ള പ്രസംഗം കാഴ്ചവെക്കുകയുണ്ടായി. ആദ്യ ദിവസം വളരെ നല്ല രീതിയിലുള്ള പ്രേക്ഷകർ ഇല്ലായിരുന്നു അതൊരു പോരായ്മ തന്നെയായിരുന്നു . നമ്മുടെ അംഗങ്ങളും കുടുംബവും മാത്രം പങ്കെടുത്താൽ വേദി നിറയുന്ന ഒരവസ്ഥ ആയിരുന്നു . എന്നാൽ രണ്ടാമത്തെ ദിവസം അലക്സാണ്ടർ സർ പങ്കെടുത്ത വേദി സമ്പുഷ്ടമായിരുന്നു . ഇതിന്റെ ചെലവ് ഇനത്തിൽ കഴിഞ്ഞ മെറിറ്റ് ഈവെനിംഗു ശേഷം ബാക്കി വന്ന തുകയും ഒപ്പം എപ്പോഴും ഇതിനായി ഒരു തുക സംഭാവന ചെയ്യുന്നവർ ഉണ്ട് , കൂടാതെ പബ്ലിസിറ്റി ഇനത്തിലുള്ള ആകെ തുക ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. ബ്രാഞ്ച് ബേസിൽ ഉള്ള കളക്ഷനുമായി മുന്നോട്ടുപോകണ്ട എന്നുള്ള നിർദേശം CC യിൽ നിന്നും വന്നതിന്റെ അടിസ്ഥാനത്തിലാണ്. മെറിറ്റ് ഈവെനിംഗിന്റെ വരവ് ചെലവുകൾക്ക് ശേഷം ശേഷിച്ച തുകയായ 31787/- രൂപ നമ്മുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

## റമദാൻ റിലീഫ്

എല്ലാ വർഷത്തെ പോലെ റമദാൻ റിലീഫുമായി ബന്ധപ്പെട്ടു എല്ലാ ബ്രാഞ്ച് നേതിര്ത്വവും അതിന്റെ മേന്മ മനസിലാക്കി അതിലേക്കായി ഇറങ്ങുകയും 347,286/- രൂപ ശേഖരിക്കാനും പറ്റി. അതിൽ 150 പേർക്കായി 290,000 രൂപയ്ക്കു കൂപ്പൺ വിതരണം ചെയ്യുകയുണ്ടായി. കഴിഞ്ഞവര്ഷം ബാലൻസ് തുകയും ചേർത്ത് 71391/- ബാലൻസ് ആയി കൈവശമുണ്ട്. റമദാൻ റിലീഫ് വിതരണത്തിനായി ബഹുമാന്യനായ ജനാബ് മഹ്മൂദിക്കയുടെ നേതൃത്വത്തിൽ ജനാബ് ഉല്ലാസ് , ജനാബ് റാഫി ഒപ്പം ജനാബ് അൽത്താഫും ചേർന്നു അന്വെഷണ വിധേയമായി അർഹമായ കൈകളിൽ തന്നെ റമദാൻ റിലീഫ് എത്തിച്ചുവെന്നുള്ളത് അഭിനന്ദനാര്ഹമായ ഒരു കാര്യം തന്നെയാണ്.

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

റമദാൻ റിലീഫുമായി ബന്ധപ്പെട്ടു കഴിഞ്ഞ വർഷത്തെ നീക്കിയിരിപ്പു, ബ്രാഞ്ച് ബേസിലുള്ള കളക്ഷൻസ് , റിലീഫ് വിതരണം ,അതിനു ശേഷമുള്ള നീക്കിയിരിപ്പു തുക എല്ലാ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. .

| Branch | Offered Amount | Received Amount | Amount to be collected |
|---|---|---|---|
| Qatar | 118110 | 118110.00 | 0.00 |
| Al Ain | 30000 | 30000.00 | 0.00 |
| Dubai | 123275 | 123275 | 0.00 |
| Abu Dhabi | 80000 | 75000.00 | 5000.00 |
| Rathickal | 2000 | 2000.00 | 0.00 |
| Opening balance | 11226 | 11226.00 | 0.00 |
| **Total** | **364611** | **359611** | **5000** |
| | | | |
| Distributed | 140 x 2000 | 280000.00 | |
| | 10 x1000 | 10000.00 | |
| **Total** | **150** | **290000.00** | |
| **Balance amount in hand** | | **74611.00** | |

## ഇഫ്താർ സംഗമം

കേന്ദ്രീകൃത ഇഫ്താർ സംഗമം ദുബായ് ബ്രാഞ്ച് നേതിര്ത്വം ഏറ്റെടുത്തു നടത്താമെന്നു സൂചിപ്പിച്ചുവെങ്കിലും അത് വളരെ സന്തോഷപൂർവം അബുദാബി ബ്രാഞ്ച് ഏറ്റെടുക്കാമെന്നും അതിന്റെ പ്രവർത്തനം തുടങ്ങി കഴിഞ്ഞുവെന്നും ബ്രാഞ്ചിനെ പ്രതിനിധീകരിച്ചു ജനാബ് ഹാജസ് വ്യക്തമാക്കി. അതിൻപ്രകാരം 2025 മാർച്ച് 14 നു അബുദാബിയിൽ വെച്ച് എല്ലാ ബ്രാഞ്ച് അംഗങ്ങളും ഒരുമിച്ചു കൂടുകയും ഇഫ്താറിന് മുമ്പു തീരുമാനിച്ചു വെച്ച അജണ്ട പ്രകാരം ഒരു മീറ്റിംഗ് സംഘടിപ്പിക്കുകയും അതിൽ ചെയർമാൻ ജനാബ് നൗഷാദ് , CC നേതിര്ത്വവും മറ്റു ബ്രാഞ്ച് പ്രതിനിധികളും പങ്കെടുത്തു ചുരുങ്ങിയ സമയത്തിനുള്ളിൽ കൂട്ടായിമയും അതിന്റെ പ്രവർത്തന മണ്ഡലവും എന്തെന്നുള്ള ഒരു ചെറു വിവരണം നൽകി. അതിനുശേഷം വളരെ വിഭവ സമൃദ്ധമായ ഒരു നോമ്പുതുറ നമുക്കായി ഒരുക്കിയിരുന്നു. അതിനു അബുദാബി കമ്മിറ്റിയെ പ്രശംസിക്കാതെ വയ്യ. ഇതിനെല്ലാം പുറമെ എടുത്തു പറയേണ്ടത് സംഘടനയുമായി ബന്ധപ്പെട്ടു പലയിടങ്ങളിൽ കിടക്കുന്നവരെ ഒരേ സ്ഥലത്തു ഒരേസമയം കൊണ്ടെത്തിക്കുകയും അതിലൂടെ പരസ്പരം കാണാനും സ്നേഹ ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാനും കഴിയുമെന്നുള്ളതാണ് ഇതുകൊണ്ടു അര്ഥമാക്കുന്നതും.

അതുപോലെ തന്നെ ഖത്തർ ബ്രാഞ്ച് അവരുടെ ഇഫ്താർ സംഗമം 2025 മാർച്ച് 21 നു നടത്താൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി നമ്മുടെ ചെയര്മാനെയും കുടുംബത്തെയും മുഖ്യാഥിതി ആയി ക്ഷണിക്കുകയും ചെയ്തിരുന്നു . ചെയർമാനും കുടുംബവും നിശ്ചിത സമയത്തിനകത്തു അവിടെ എത്തുകയും ഖത്തർ നേതിര്ത്വം അദ്ദേഹത്തെ പൊന്നാട അണിയിച്ചു സ്വീകരിക്കുകയും ചെയ്തു. കൂടാതെ നമ്മുടെ റാതിക്കൽ ബ്രാഞ്ച് കമ്മിറ്റി ഇഫ്താർ സംഗമം നടത്തുന്നതിനായി റമദാന്റെ അവസാന ഘട്ടത്തിൽ ജനാബ് അർശ് ഉൾപ്പെടുന്ന ടീം ഇതിനായി ഇറങ്ങി തിരിച്ചു വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ഇഫ്താർ കഴിഞ്ഞു ശേഷിച്ച ഫണ്ട് ബാലൻസ് 11877/- രൂപയാണ്.

## സെൻട്രൽ കമ്മിറ്റി ഫണ്ട് ബാലൻസ്

ജൂലൈ 2025 വരെയുള്ള എല്ലാ ബ്രാഞ്ചകളിലൂടെയുള്ള ചാരിറ്റിയുടെ ബാലൻസ് തുകയായി 52497.53/- മെംബേർസ് ഫണ്ട് ആയി 205066.50/-,വർക്കിംഗ് ഫണ്ട് ആയി 306.83/- അംഗങ്ങളുടെ വെൽഫേർ ഫണ്ട് ആയി 45546.7/- മെമ്പർഷിപ് ഫീസ് ആയി 14955 /-ബാങ്ക് പ്രോഫിറ്റ് ആയി 1499.5/-ദിർഹംസ്/റിയാൽ എന്നീ നിലകളിൽ കൈവശമുണ്ട്. റാതിക്കൽ ബ്രാഞ്ചിന്റെ ഭാഗമായി ചാരിറ്റി 143269/- രൂപയും വെൽഫേർ ഫണ്ട് ആയി 139860/- രൂപയും ബാങ്ക് പ്രോഫിറ്റ് ആയി 31957.5/- രൂപയും നീക്കിയിരിപ്പുണ്ട്. കൂടാതെ അബുദാബി ബ്രാഞ്ചിന്റെ ഭാഗമായി 5000/-രൂപയും കൈവശമുണ്ട്.

നമ്മുടെ കൂട്ടായിമയുടെ അക്കൗണ്ടിൽ ഇന്ത്യൻ രൂപയായി റാക് പെന്ഷന്റെ ഭാഗമായി 177410/- രൂപയും, ചാരിറ്റി ആയി 273270 /-രൂപയും റമദാൻ റിലീഫ് 74611 /- രൂപയും, മയ്യിത്ത് പരിപാലന തുക 511 /- മെറിറ്റ് ഈവെനിംഗ് 31787 /-, ഇഫ്താർ ഫണ്ട് 11877/- രൂപയും മിച്ചമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

അഡിഷണൽ ഫണ്ട് കളക്ഷന്റെ ഭാഗമായി മിച്ചമുള്ളതു 88617.59 /- രൂപ വയനാട് മിഷന്റെതും ,217674 /-രൂപ വലിയപള്ളി ആംബുലൻസിന്റെ വകയായിട്ടും നമ്മുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇന്നുവരെയുള്ള കൂട്ടായിമയുടെ അക്കൗണ്ട് ബാലൻസ് ആണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.വിശദമായ വരവ് ചെലവ് കണക്കുകൾ CC ട്രെഷറർ ആയ ജനാബ് സജീം സുബൈർ യോഗത്തിൽ വിശദീകരിക്കുന്നതാണ്.

## സെൻട്രൽ കമ്മിറ്റി മീറ്റിംഗ്

പുതിയ ഭരണ നേതിര്ത്വം നിലവിൽ വന്നതിനു ശേഷം **CC** യുടെ **12** മീറ്റിങ്ങും,**DB ,**ജോയിന്റ് കമ്മിറ്റി, എന്നിവരുമായി ഓരോ മീറ്റിങ്ങും, രക്ഷാധികാരി കമ്മിറ്റിയുമായി **2** മീറ്റിംഗും, ഒരു അർദ്ധവാർഷിക മീറ്റിങ്ങും നടത്തുകയുണ്ടായി. മീറ്റിംഗ് എല്ലാം തന്നെ ഓൺലൈനിൽ കൂടിയായിരുന്നു. മീറ്റിംഗിലുടനീളം വളരെ സമാദാനപരവും കാര്യഗൗരവുമുള്ള മീറ്റിംഗുകൾ തന്നെയായിരുന്നു. മീറ്റിംഗുകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മിനുട്സ് വഴി എല്ലാ ഓരോരുത്തരെയും അറിയിക്കുകയും ഒപ്പം

ബ്രാഞ്ചിലേക്കു അറിയിക്കേണ്ട തീരുമാനങ്ങൾ ആണെങ്കിൽ സമയബന്ധിതമായി തന്നെ ബ്രാഞ്ച് നേതിര്ത്വം അവരുടെ ജനറൽ ഗ്രൂപ്കളിലേക്കു എത്തിക്കുകയും ചെയ്യും.

## മെഡിക്കൽ സ്റ്റോർ

മെഡിക്കൽ സ്റ്റോറുമായി ബന്ധപ്പെട്ടു ഈ കാലയളവിൽ ഒരുപാടു ചർച്ചകൾ വന്നുവെങ്കിലും അതൊന്നും തീരുമാനങ്ങൾ ആയി വന്നിട്ടില്ല. എന്നാൽ തന്നെയും സംഘടനാ ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചതിനു ശേഷം നഷ്ട കണക്കുകളിൽ നിന്നും കരകയറിയിട്ടുണ്ടെന്നു എടുത്തുപറയാവുന്ന ഒരു നേട്ടമാണ്. അതുമായി അടുത്ത് നിൽക്കുന്നവർക്ക് **DB** വഴിയും **CC** യിലൂടെയും നല്ല നിർദേശങ്ങൾ കൊടുക്കുന്നതിന്റെ ഭാഗമായി കാലാവധിയും , കാലാവധിയോടു അടുത്ത മരുന്നുകളുടെ ഡീറ്റെയിൽസ് നേരത്തെ തന്നെ അറിയുകയും അതിനു വേണ്ട തീരുമാനങ്ങൾക്കു പെട്ടെന്ന് തന്നെ തീർപ്പു കല്പിക്കണമെന്നും ഉത്തരവാദപ്പെട്ടവരോട് നിർദേശം കൊടുക്കുകയും അതിന്റെ ഫലം കണ്ടുവരുകയും ചെയ്യുന്നുണ്ട്**.** സ്റ്റോക്ക് എടുപ്പ് സമയാ സമയങ്ങളിൽ നടത്താനുള്ള നിർദേശങ്ങൾ കൊടുക്കുകയും അത് അനുസരിച്ചു കാര്യങ്ങൾ മുന്നോട്ടു പോകുകയും ചെയ്യുന്നു.. മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തന മേഖലയിൽ വളരെ ഉണർവ് ഉണ്ടായ ഒരു സമയം കൂടിയാണ്. ജനാബ് ഷാജി അവർകളുടെ ഇടപെടൽ**, CC** നിർദേശിച്ച പോലെ കാലാവധി തീരുന്ന മെഡിസിൻ**,** കാലാവധിയോടു അടുത്ത മെഡിസിൻ ഇതെല്ലാം മുൻകൂട്ടി അറിഞ്ഞു വേണ്ട നടപടികൾ സ്വീകരിച്ചു പോയിരുന്നു. അദ്ദേഹത്തിനും **CC** യുടെ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

## വലിയപള്ളി ആംബുലൻസ്

ആംബുലൻസ്മായി വന്നിട്ടുള്ള സംഭാവനയിലൂടെ നമ്മുടെ കൈവശം എത്തിയിട്ടുള്ള തുക 217674/- രൂപയാണ് , എന്നാൽ നമ്മുടെ സംഭാവന തുക ജമാഹത് കമ്മിറ്റിയുടെ പേരിൽ ചെക്ക് കൊടുക്കരുതെന്നും ആംബുലൻസിനായി ഏതു കമ്പനിയിലൂടെയാണ് ബുക്ക് ചെയ്യുന്നത് ആ കമ്പനിയുടെ പേരിൽ ചെക്കു കൊടുത്താൽ മതിയെന്നും CC യോഗം തീരുമാനിച്ചു..

## മയ്യിത്തു പരിപാലന സഹായം.

കഴിഞ്ഞ കുറച്ചു കാലങ്ങളായി നിർധനരായ പലർക്കും മയ്യിത്ത് പരിപാലനത്തിനുള്ള സഹായം കൂട്ടായിമ ചെയ്തു വന്നിരുന്നു. ബാത്തിഷ (പാപ്പി) എന്ന സഹോദരന് മയ്യിത്ത് പരിപാലന ഫണ്ടിൽ മിച്ചമുണ്ടായിരുന്ന തുകയിൽ നിന്നും 10000 /-രൂപ ഒറ്റ തവണ സഹായമായി കൊടുത്തു**.** അത്കഴിഞ്ഞു ഇപ്പോഴുള്ള ഫണ്ട് ബാലൻസ് 511 /- രൂപ മാത്രമാണ്.അതിനായി നിലവിൽ കാര്യമായി ഫണ്ടൊന്നും ഇല്ല .അത് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ഫണ്ടിന്റെ ആവശ്യകത അത്യാവശ്യമാണ്. വരുന്ന പുതിയ ഭരണ സമിതി ഇത് മുഖവിലക്കെടുത്തു അതിനായി ഫണ്ട് കണ്ടെത്തി മയ്യിത്ത് പരിപാലനം മുന്നോട്ടു കൊണ്ടുപോകണമെന്നുള്ള ഒരു അഭ്യർത്ഥന കൂടി വെക്കുന്നു.

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

### വയനാട് മിഷൻ

ചാരിറ്റിക്ക് മുൻഗണനാ കൊടുക്കുന്ന നമ്മുടെ സംഘടനാ ഒട്ടനവധി പ്രാദേശികമായ പ്രകൃതി ദുരന്തങ്ങൾക്കു സാക്ഷ്യം വഹിക്കുകയും അതിനു തന്നാൽ കഴിയുന്ന രീതിയിലുള്ള സഹായങ്ങൾ ചെയ്തു പോന്നിരുന്നു, ഒപ്പം നമ്മുടെ ജില്ല വിട്ടു തന്നെ ഉണ്ടായ ഒരു ദുരന്ത വാർത്തയായിരുന്നു വയനാട് ദുരന്തം. അതിലേക്കായി നമ്മുടെ സംഘടനയും അംഗങ്ങളും ഒരുമിച്ചു കൈകോർത്തു പ്രവർത്തിച്ചതിന്റെ ബലമായി നല്ലൊരു ഫണ്ട് ശേഖരിക്കാനും അതിലേക്കായി സംഭാവന ചെയ്യാനും പറ്റി. എന്നാൽ അതിന്റെ ബാക്കി തുകയായി **88617 /-** രൂപ നമ്മുടെ കൈവശമുണ്ട്. അത് ഏതു രീതിയിൽ വിനിയോഗിക്കണമെന്ന് വരും കാല **CC** മീറ്റിംഗിൽ തീരുമാനിക്കുന്നതാണ്.

### പെൻഷൻ & ഒറ്റ തവണ സഹായം

ഈ **CC** യുടെ ഇതുവരെയുള്ള കാലയളവിൽ പുതിയ പെൻഷനായി **2000 /-**രൂപ വീതം **11** പേർക്ക് **CC** യുടെ അപ്പ്രൂവലിലൂടെ നിലവിൽ വരികയും അതിൽ **2** സ്പോന്സർസ് അബുദാബിയിൽ നിന്നും (പേര് വ്യക്തമാക്കിയിട്ടില്ല), **1** റാതിക്കൽ ബ്രാഞ്ചിൽ നിന്നും,അതിൽ (**1500 + 500 RAK** ) , **2** പേർക്ക് നമ്മുടെ സംഘടനയിൽ നിന്നും, ബാക്കി **4** എണ്ണം ദുബായ് ബ്രാഞ്ചിന്റെ മെമ്പറും ഒപ്പം ചെയർമാനും കൂടിയായ ജനാബ് നൗഷാദ് അവര്കളും സ്പോൺസർ ചെയ്യുകയുണ്ടായി. മുകളിലുള്ള ഒരു പെൻഷൻ നമ്മുടെ തന്നെ പേര് പറയാൻ താല്പര്യം ഇല്ലാത്ത ഒരംഗം **1000 /-** രൂപ അതിനോട് ചേർത്ത് **3000 /-**രൂപ ആക്കി കൊടുക്കാൻ താല്പര്യപ്പെടുകയുണ്ടായി. ശേഷം വന്ന മീറ്റിംഗിലൂടെ വീണ്ടും രണ്ടുപേർക്കു പെൻഷൻ അപ്പ്രൂവ് ചെയ്യുകയും അതിൽ ഒന്ന് 3 മാസത്തേക്ക് ഖത്തറിൽ നിന്നും ജനാബ് സഹദ് സിറാജ് , മറ്റൊന്ന് നമ്മുടെ **CCP** ജനാബ് അൻസാരി അവർകളുടെ നേതൃത്വത്തിൽ കൂടിയാണ്. ഒറ്റ തവണ സഹായമായി **17** പേർക്ക് സഹായം നൽകുകയുണ്ടായി. അതിലേക്കായി നമ്മുടെ സംഘടന നൽകിയത് **185,000 /-** രൂപയും , സംഘടനയുടെ ഭാഗമായി ജനാബ് നൗഷാദ് **50000 /-** രൂപയും നൽകുകയുണ്ടായി. മുഹമ്മദ് അലി അയിരൂർ , നഹാസ് വഹാബ് എന്നിവരുടെ പെൻഷൻ 1000/- രൂപയിൽ നിന്നും 2000/- രൂപയായി വർധിപ്പിച്ചു. അവരുടെ അവസ്ഥ മോശമാണെന്നുള്ള അഭ്യർത്ഥന പ്രകാരം നമ്മുടെ ബ്രാഞ്ചിൽ നിന്നുള്ള അന്വെഷണ വിധേയമായി അത് ശരിയാണെന്നു മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് **CC** യുടെ അപ്പ്രൂവലൊട് കൂടി വര്ധിപ്പിക്കുകയുണ്ടായത്.പെൻഷൻ സ്പോന്സര്മാരുടെ ആകെ തുകയായി ലഭിക്കുന്നത് 38500 /- രൂപയാണു.

നിലവിൽ പൊക്കോണ്ടിരിക്കുന്ന പെൻഷൻ സ്പോന്സര്മാരുടെയും ഇപ്പോൾ ഏറ്റെടുക്കപ്പെട്ട സ്പോന്സര്മാരുടെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| LIST OF PENSION SPOSORS -SEP.2024-2025 | | | |
|---|---|---|---|
| **BRANCH** | **NAME** | **NO.OF SPONSOSHIP** | **AMOUNT** |
| **DUBAI-6** | **ASHEERKHAN** | **2 X 2000** | **4000** |
| | **NOWSHAD A.R** | **4 X 2000** | **8000** |

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| | | | |
|---|---|---|---|
| ALAIN-3 | ABU HUSSAIN | 2 X 2000 | 4000 |
| | ULLAS | 1 X 2000 | 2000 |
| QATAR-2 | 4 BROTHERS | 1 X 2000 | 2000 |
| | SAHAD SIRAJ(3 MONTHS) | 1 X 2000 | 2000 |
| ABUDHABI-7 | 1 BROTHER | 1 X 2000 | 2000 |
| | 1 BROTHER | 1 X 2000 | 2000 |
| | 1 BROTHER | 1 X 2000 | 2000 |
| | 1 BROTHER | 1 X 2000 | 2000 |
| | 1 BROTHER | 1 X 2000 | 2000 |
| | 1 BROTHER | 1 X 1000 | 1000 |
| | C/O CCP | 1 X 2000 | 2000 |
| RATHICKAL-4 | KAIRALI JEWELLERS | 1 X 2000 | 2000 |
| | 5 BROTHERS-RATHICKAL | 1 X 2000 | 2000 |
| | EMPIRE MOTORS | 1 X 2000 | 2000 |
| | ONE BROTHER | 1 X1500 | 1500 |
| TOAL | | | 38500 |

പുതിയതായി CC യിലൂടെ അപ്പ്രൂവൽ നേടിയ പെൻഷൻ ലിസ്റ്റും ഒറ്റ തവണ സഹായത്തിന്റെയും ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**NEW PENSION & ONE TIME HELP**

| SL NO. | NAME | PENSION | ONE TIME HELP | Reason | Sponsor |
|---|---|---|---|---|---|
| 1 | Mohd.Ali Ayroor-pen.rev | 1000 | | | |
| 2 | Nahas Vahab-pen.rev | 1000 | | | |
| 3 | Naseer | 2000 | | | |
| 4 | Shajahan | 2000 | | | |
| 5 | Vahab | 2000 | | | |
| 6 | Jasmi Vettoor | 2000 | | | |
| 7 | Yousuf ,Osavila,Vettoor | 2000 | | Son -Otism | Nowshad A.R |
| 8 | Nasimudeen(Podiyan-Rath) | 2000 | | Stroke | 1500 Rathickal +500 RAK |
| 9 | Nilopher -Nedunganda | 2000 | | Disable | Nowshad A.R |
| 10 | Shaji-Odavila-Melvettoor | 2000 | | | Nowshad A.R |
| 11 | 3 sisters/Daughters of Asan | 3000 | | 2000+1000 | Nowshad A.R+one brother |
| 12 | Son ofFiroskhan/rathickal | 2000 | | Patient | c/o.CCP |
| 13 | Sabeetha,kunnnil -Rathickal | 2000 | | Cancer | Sahad-qatar(3 months) |
| 1 | Biju -Nedunganda | | 10000 | Neuro Patient | RAK |
| 2 | Maheenkutty -Rathickal | | 10000 | Cancer | RAK |
| 3 | Madhu-Edava/Expired | | 5000 | | RAK |
| 4 | Sisupalan-Rathickal | | 5000 | | RAK |
| 5 | Balan Ashari | | 5000 | | RAK |
| 6 | Vijayakumari | | 5000 | | RAK |

| | | | | | |
|---|---|---|---|---|---|
| 7 | Badusha | | 10000 | RAK employee | RAK |
| 8 | Bathisha (pappy) | | 10000 | | RAK |
| 9 | S/O Late Salim kumar | | 25000 | | RAK |
| 10 | Subin Odayam | | 25000 | | RAK |
| 11 | Amlad Vahab | | 50000 | | Sponsor-A.R.Nowshad |
| 12 | Lakshmi Amma | | 5000 | | RAK |
| 13 | Latheefa Beevi | | 5000 | | RAK |
| 14 | Althaf | | 25000 | | from Welfare |
| 15 | Sunilkumar Melvettoor | | 10000 | | RAK |
| 16 | Son ofFiroskhan/rathickal | | 25000 | Patient | RAK |
| 17 | Suchitra-Varkala | | 5000 | Cancer | RAK |
| | Total | 25000 | 235000 | | |

പുതുക്കിയ പെൻഷൻ ലിസ്റ്റ് പ്രകാരം 47 പേർക്ക് പെൻഷൻ നൽകി വരുന്നു. വിശദാംശങ്ങൾക്കായി പേരും തുകയും ചുവടെ ചേർക്കുന്നു.

RATHICKAL KOOTTAIMA TRADING LTD

LIST OF PENSION HOLDERS

MONTH : MAY 2025

| SL.NO | NAME | ADDRESS | CASH | COUPON |
|---|---|---|---|---|
| 1 | AMMINI | KANNAN VILAKOM | | 2500 |
| 2 | YAKKOOB | S/O SIDDIQUE | | 2000 |
| 3 | NOORJAHAN | THEKKENVILA | | 1000 |
| 4 | SAJILA | KUNNU VILA | | 2000 |
| 5 | SAVAD | AMMUMMAKKUDAM | | 1000 |
| 6 | FAZEELA | ARIVALAM | | 1000 |
| 7 | LATHEEFA W/O BASHEER | POODAN VILA | | 2000 |
| 8 | MUBEENA | W/O PALLIKKA | | 2000 |
| 9 | AZAD | S/O OLD MUADIN | | 1000 |
| 10 | NAHAS VAHAB | PARAKASALA | | 2000 |
| 11 | D/O NAZI MAMA | KILIMANOOR | 2000 | |
| 12 | HILMINIZA | CHILAKKUR | | 2000 |
| 13 | MOHAMMED ALI | AYIROOR | | 2000 |
| 14 | ANSARI(Gr:Chil) | RATHICKAL | | 2000 |
| 15 | MOHAMMED RASIKEEN | VETTOOR | | 2000 |
| 16 | ASEENA | CHARUVILA VEEDU | | 2000 |
| 17 | SADIKH | CHARUVILA VEEDU | | 1000 |
| 18 | JUBAIRIYA-SHAFI | ERUKKUVILA | | 1000 |
| 19 | SUDHEERA,CHARUVILA VEEDU | RATHICKAL | | 1000 |
| 20 | NAVAS.M | VAZHAVILA | | 3000 |

| | | | | |
|---|---|---|---|---|
| 21 | NAFIH | MULAKUNNUVILA | | 2000 |
| 22 | MISAB-EENCHAYIL | C/O PANCHAYATH | 2000 | |
| 23 | MEGASIL SADIKH | VETTOOR | | 2000 |
| 24 | SAKKEER | PULIVILA,CHILAKKOOR | | 2000 |
| 25 | RAHIMI | AMMUMMAKKUDAM | | 1000 |
| 27 | SHANIFA | ELLUVILA | | 2000 |
| 28 | SHYLA | KUNNIL VEEDU,CHILAKKOOR | | 1000 |
| 29 | AYISHA BEEVI | CHETHANA HOUSE,REGHUNATHAPURAM | | 1000 |
| 30 | PONSEEBA | PUNNAVILA,ASAN MUKKU | | 2000 |
| 31 | MUHAMMED RAIHAN | CHERAN VILAKOM GS/O ASEEBA | | 2000 |
| 32 | SHAN | VILAYIL VEEDU,VETTOOR | | 2000 |
| 33 | NABEESA BEEVI | BISMI MANZIL | | 2000 |
| 34 | NOUSHAD | AMARI VILA,VETTOOR | | 2000 |
| 35 | SALIM | PARAYAN VILAKOM | | 2000 |
| 36 | VAHAB | SAFEERA MANZIL,MEL VETTOOR | | 2000 |
| 37 | SHAJAHAN | AZHAKANVILA | | 2000 |
| 38 | NASAR | CHIRAYINKEEZHU | | 2000 |
| 39 | JASMI | PANAYIL VEEDU | | 2000 |
| 40 | S/O YOUSAF | OSSAVILA,VETTOOR | | 2000 |
| 41 | NAZIMUDHEEN | MOTTUVILAKOM,RATHICAL | | 2000 |
| 42 | NILOFER | KOOTTIL VEEDU,PUTHIYAPALAM | | 2000 |
| 43 | SHAJI | OODAVILA,MEL VETTOOR | | 2000 |
| 44 | THREE SISTERS D/O ASAN | ARIVALAM | | 2000 |
| 44 | THREE SISTERS D/O ASAN | ARIVALAM | 1000 | |
| 45 | W/O LATE SALIM | PADIPPURA VILAKOM | | 2000 |
| 46 | Son ofFiroskhan/rathickal | | 2000 | |
| 47 | Sabeetha,kunnnil -Rathickal | | 2000 | |
| | Total | | 9000 | 75500 |
| | PENSION TOTAL RS 84500 | | | |

## ചാരിറ്റി & വെൽഫെയർ

ബ്രാഞ്ച്കളിലൂടെയുള്ള മാസമാസമുള്ള ചാരിറ്റി എന്ന നിലയിൽ പിരിച്ചെടുക്കുന്ന തുകയിലൂടെയും നമ്മുടെ ബിസിനെസ്സിൽ നിന്നും കിട്ടുന്ന ലാഭവിഹിതത്തിൽ നിന്നും രണ്ടര ശതമാനവും (2 .5 % ) ചാരിറ്റി പ്രവർത്തനത്തിനായി വിനിയോഗിച്ചു വരുന്നു. അത് മാസമാസമുള്ള പെന്ഷനായും ,ഒറ്റത്തവണ സാഹായമായും കൊടുത്തു വരുന്നു.ഏകദേശം 47 പേർക്ക് മാസപെന്ഷന് കൊടുത്തുവരുന്നു. അതിനു പുറമെ വരുന്ന സഹായാഭ്യര്ഥനകൾക്കും CC യിലൂടെ ഉചിതമായ തീരുമാനം എടുത്തു വേണ്ട സഹായങ്ങൾ ചെയ്തുവരുന്നു. എന്നാൽ ചാരിറ്റി ചെലവുകളിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധനവും മറ്റു കണക്കിലെടുത്തു ബ്രാഞ്ച് നേതിര്ത്വം കുറച്ചുകൂടി ചാരിറ്റി പിരിച്ചെടുക്കുന്നതിലും, കുടിശിക ഉള്ളവരെ നേരിൽ കണ്ടോ മറ്റു ന്യൂതന മാർഗ്ഗങ്ങളിലൊടെയോ ബന്ധപ്പെട്ടു പരമാവധി കളക്ഷൻ ഉണ്ടാക്കണമെന്നുള്ള ഒരു നിർദേശം കൂടി വെക്കുകയാണ്. കൂടാതെ പുതിയ അംഗങ്ങളെ ചേർക്കുക എന്നുള്ള എന്നുള്ള ദൗത്യത്തെ ഒരിക്കലും വിസ്മരിക്കാൻ പാടില്ല ,അതിലൂടെ മാത്രമേ നമ്മുടെ സംഘടനയും കച്ചവടവും യുവതലമുറയിലേക്കു എത്തിക്കാനും കൈമാറ്റം ചെയ്യപ്പെടാനും സാധിക്കുകയുള്ളൂ.

മെംബേർസ് വെൽഫെയർ എന്നുള്ള ഒരു ആശയം ഇന്നും നമ്മുടെ മുന്നിൽ ഒരു കീറാമുട്ടിയായി തന്നെ നിലനിന്നുപോന്നു. അതിനൊരു ശരിയായ പാതയിലേക്ക് നാമിന്നും എത്തിച്ചേർന്നില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ CC യിൽ അതിനൊരു പരിഹാര മാർഗ്ഗമായി പുതിയൊരു നിയമാവലി കൊണ്ടുവരികയും വര്ഷവരിയായി 50 (റിയൽ ഓർ ദിർഹം) പകരമായി 100 എന്ന ആശയം കൊണ്ടുവരികയും ഒപ്പം അതിനോട് ചേർത്ത് ഒട്ടനവധി മാറ്റങ്ങൾ വരുത്തിയ നിയമം അംഗങ്ങളിലേക്കു എത്തിച്ചെങ്കിലും അതിനൊരു കാതലായ മാറ്റം വന്നു കണ്ടില്ല. നിയമം കൊണ്ടുവന്ന ഖത്തർ ടീമിന് പോലും അവരുടെ അംഗങ്ങളിലൂടെ ഒരു പുത്തൻ ഉണർവ് ഉണ്ടായില്ലയെന്നുള്ളതാണ്. എന്നാൽ ഇതിനെ സാധുവാക്കാൻ വേണ്ടി കഴിഞ്ഞ CC മീറ്റിംഗിൽ ഒരു അജണ്ടയായി എടുത്തു ചർച്ചക്ക് വെക്കുകയും ഒരു പുതിയ ടീമിനെ രൂപികരിച്ചു അതിനായി ഒരു ഗ്രൂപ്പ് ഉണ്ടാക്കുകയും ചർച്ച അതിലേക്കു മാറ്റുകയും ചെയ്തിട്ടുണ്ട്. കഴിവുറ്റ ടീം മെംബേർസ് തന്നെയാണ് അതിനായി നിയോഗിച്ചിട്ടുള്ളത്. അതിന്റെയൊരു റിസൾട്ട് വരുന്ന വാർഷിക മീറ്റിംഗിൽ സമർപ്പിക്കാൻ CC നിർദേശം കൊടുത്തിട്ടുണ്ട്. അതിലൂടെ ഇതിനായി ഒരു പരിഹാരമാർഗം ഉണ്ടാകുമെന്നു നമുക്ക് പ്രത്യാശിക്കാം. എന്നാൽ ബ്രാഞ്ച് നേതിര്ത്വം ഇതിന്റെ നല്ല വശങ്ങൾ അംഗങ്ങളെ പറഞ്ഞു മനസിലാക്കാന് ശ്രമിക്കണമെന്നും പരമാവധി അംഗങ്ങളെ ഇതിലേക്ക് കൊണ്ടുവരണമെന്നും എന്നാൽ മാത്രമേ ഇതൊരു വൻവിജയമായി മുന്നോട്ടു പോകാൻ പറ്റുമെന്നുള്ള വസ്തുത CC യുടെ പല മീറ്റിംഗിലൂടെയും അറിയിച്ചിട്ടുണ്ട്.

## അബുദാബി ബ്രാഞ്ച്

സംഘടനാപരമായി ഈ ബ്രാഞ്ചിന് വളരെ പ്രതേകത ഉണ്ട്. സംഘടനയുടെ രൂപീകരണം തന്നെ അബുദാബി ആസ്ഥാനമാക്കിയായിരുന്നു. വളരെ നല്ല രീതിയിൽ തന്നെ ബ്രാഞ്ചിന്റെ പ്രവർത്തനം മുന്നോട്ടു പോയിരുന്നുവെങ്കിലും ഇടക്കൊരു മന്ദത അനുഭവപ്പെട്ടു. എന്നാൽ പുതിയ നേതൃത്വം വളരെ നന്നായി ബ്രാഞ്ചിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുന്നു. പ്രസിഡന്റ് ജനാബ് ഹാജാസ് ,ട്രെഷറർ ജനാബ് അംലാദ് എന്നിവരുടെ പ്രവർത്തനം വിലയിരുത്തുന്നതിനൊപ്പം ജനാബ് ഹാജാസിനെ പ്രതേകം അഭിനന്ദനം അറിയിക്കേണ്ടതുണ്ട്. എന്തെന്നാൽ സെക്രട്ടറി ഇല്ലാത്ത വിടവിൽ ആ ജോലി കൂടി സന്തോഷപൂർവം ഏറ്റെടുത്തു ഭംഗിയാക്കി എന്നുള്ളതാണ്. CC യുടെഭാഗത്തു നിന്നുള്ള അകമഴിഞ്ഞ സന്തോഷം രേഖപ്പെടുത്തുന്നതിനോടൊപ്പം നന്ദിയും കടപ്പാടും അറിയിക്കുകയാണ്. CC പ്രസിഡന്റ്

ആയ അഡ്വ.അൻസാരി അബ്ദുദാബി ബ്രാഞ്ചിന്റെ ഭാഗവും,ഒപ്പം DB അംഗം കൂടിയാണ്. കൂട്ടായിമയുടെ ഉന്നമനത്തിനും ,ഉയർച്ചക്കുമായി ഇക്കാലത്തിനിടയിൽ ഒരുപാടു ആശയങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. കൂടാതെ ഭരണഘടന പരിഷ്കരണം അദ്ദേഹത്തിന്റെ ലീഡർഷിപ്പിൽ കൂടിയായിരുന്നുവെന്നു എടുത്തു പറയേണ്ട ഒരു കാര്യം കൂടിയാണ്. അദ്ദേഹത്തിനും CC യുടെയും കൂട്ടായിമയുടെയും നന്ദിയും കടപ്പാടും അറിയിക്കുകയാണ്. CC യിൽ വൈസ്പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന ജനാബ് നജീബ്ഖാൻ അദ്ദേഹത്തിന്റെ ഒരു ഇടപെടൽ അത് കൂട്ടായ്മയിൽ ആയിക്കോട്ടെ , CC , അദ്ദേഹം ഉൾപ്പെട്ട അബുദാബി ബ്രാഞ്ച് എല്ലാത്തിലും അദ്ദേഹത്തിന്റെ ഒരു കൈയൊപ്പുണ്ടാകും. റക്ഫ്രഷ് ഫണ്ട് കളക്ഷൻ , പെൻഷൻ സ്പോൺസേഴ്സിനെ കണ്ടെത്തൽ മറ്റു ഏതു മേഖലയിലും അദ്ദേഹത്തിന്റെ ഇടപെടൽ ഉണ്ടാകുമെന്നുള്ളതാണ്. അദ്ദേഹത്തിനും CC യുടെയും ,കൂട്ടായിമയുടെയും അഭിനന്ദനങ്ങൾക്കൊപ്പം നന്ദിയും കടപ്പാടും അറിയിക്കുകയാണ്. ജനാബ് സജീം സുബൈർ CC ട്രെഷറർ സ്ഥാനം ഏറ്റെടുത്ത അദ്ദേഹം തന്റെ ഉത്തരവാദിത്വം വളരെ കൃത്യതയോടെ നിർവഹിക്കുന്നതിനൊപ്പം ഭരണഘടന പരിഷ്കരണത്തിൽ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. അത് തിരുത്തൽ വരുത്തി ഡ്രാഫ്റ്റ് ചെയ്തു സമയോചിതമായി പബ്ലിഷ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനു CC യുടെ നന്ദി രേഖപ്പെടുത്തുകയാണ്.ഈയൊരു കാലയളവിൽ കഴിഞ്ഞ 12 മാസകാലത്തു ചാരിറ്റി ആയി 4640/- ദിർഹംസും 12500/- രൂപയും, വെൽഫെയർ ആയി 2050/- ദിർഹംസും ,മെംബേർസ് ഫണ്ട് ആയി 1400 /- ദിർഹംസും , മെമ്പർഷിപ് ഫീസ് ആയി 450/- ദിർഹംസും പിരിച്ചെടുക്കുകയുണ്ടായി. മൊത്തം 8540/-ദിർഹംസ് പിരിച്ചെടുക്കുകയുണ്ടായി..ഈ കാലയളവിൽ രണ്ടു പ്രാവശ്യം പെൻഷൻ തുക അയക്കുകയുണ്ടായി. നവംബര് 2024 മാസത്തെ പെൻഷനായി 65500 /-രൂപയും20000 /- രൂപ ഒറ്റത്തവണ സഹായം ആയും അയക്കുകയുണ്ടായി, കൂടാതെ 2025 മെയ് മാസത്തെ പെൻഷനായി 73000/- രൂപയും ഒറ്റ തവണ സഹായമായി 30000/- രൂപയും അയക്കുകയുണ്ടായി.. മൊത്തം അംഗങ്ങൾ 90 അതിൽ ചാരിറ്റിയിൽ സജീവമായിട്ടുള്ളത് 53 അംഗങ്ങൾ ആണ്.വെൽഫെയറിൽ സജീവമായിട്ടുള്ളത് 27 പേരാണ്. പുതുതായി ചേർന്നിട്ടുള്ളത് 9 പേരാണ്. ഇതിന്മേൽ അബുദാബി സെക്രെട്ടറി ഒരു വിവരണം തന്നത് സജീവമല്ലാത്ത പല അംഗങ്ങളും ഭാവിയിൽ സജീവമാകുമെന്നുള്ളതാണ്.

## അൽ ഐൻ ബ്രാഞ്ച്.

വളരെ പരിമിതമായ അംഗസംഖ്യ ഉള്ള ഒരു ബ്രാഞ്ച് ആണ്. എന്നാൽ ഉള്ളവരെല്ലാം ചാരിറ്റിയുടെ കാര്യത്തിലും മറ്റു ചാരിറ്റി പ്രവർത്തനത്തിൽ ആയാലും മുൻപന്തിയിൽ തന്നെയാണ്. അംഗങ്ങളുടെ കുറവ് ഒരു പോരായ്മ അല്ലായെന്നു തെളിയിക്കുന്നത് അവരുടെ സംഘടനാപരമായ ഇടപെടൽ വളരെ വലുതാണ്. സംഘടനയുടെ നിയമങ്ങളും നിയമാവലികളും രൂപപ്പെടുന്നതിൽ എന്നും അവരുടേതായ ഒരു കൈയൊപ്പ് അതിലുണ്ടായിരിക്കും. ജനാബ് ഉല്ലാസ് അവർകളുടെ കൂട്ടായിമയിലുള്ള നിക്ഷ്പക്ഷമായ ഇടപെടൽ പല ഘട്ടങ്ങളിലും അസ്വാരസിയം ഉണ്ടാക്കിയുട്ടെങ്കിലും

അതെല്ലാം കൂട്ടായിമയുടെ നല്ല ഭാവിക്കു വേണ്ടിത്തന്നെയായിരുവെന്നുള്ളത് പറയാൻ കഴിയും.ബ്രാഞ്ചിന്റെ ട്രെഷറർ സ്ഥാനത്തും ഒപ്പം DB യിലും അംഗമായിരുന്നു. അദ്ദേഹത്തിന്റെ ഇടപെടൽ മൂലം റാക്മാർട്ടിന്റെ ഇൻവെന്ററി രംഗത്ത് ഉണ്ടായ പുരോഗതി എടുത്തു പറഞ്ഞു അഭിനന്ദിക്കേണ്ട കാര്യം തന്നെയാണ്. കൂടാതെ ഭരണഘടന പരിഷ്കരണ ഗ്രൂപ്പിൽ ഒരു മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്.അദ്ദേഹത്തിനും CC യുടെ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.അതെന്നും കൂട്ടായിമക്കു ഒരു തുണ ആകട്ടേയെന്നു ആഗ്രഹക്കുന്നതിനൊപ്പം പ്രസിഡന്റ് ജനാബ് ഷിബു മുഹമ്മദ് യൂസഫ് , സെക്രട്ടറി ജനാബ് അസീം നെഹുമാൻ, ട്രെഷറർ ജനാബ് ഉല്ലാസ് എം.ഐ എന്നിവർക്കു CC യുടെ എല്ലാ വിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.അതിന്റെ ഭാഗമായി കഴിഞ്ഞ 12 മാസകാലത്തു ചാരിറ്റി ആയി 6100/- ദിർഹംസും, വെൽഫെയർ ആയി 1400/- ദിർഹംസും , മെമ്പർഷിപ് ഫീസ് ആയി 50/- ദിർഹംസും, മെംബേർസ് ഫണ്ട് ആയി 27600/- ദിർഹംസും, വർക്കിംഗ് ഫണ്ട് ആയി 20/- ദിർഹംസ് പിരിച്ചെടുക്കുകയുണ്ടായി. ആകെ 35170/- ദിർഹംസ് പിരിച്ചെടുത്തു. 2025 ഫെബ്രുവരി മാസത്തെ പെൻഷനായി 65500/-രൂപയും 10000/-രൂപ ഒറ്റത്തവണ സഹായം ആയും ജൂലൈ 2025 മാസത്തെ പെൻഷനായി 71000/-രൂപയുംഅയക്കുകയുണ്ടായി. പുതുതായി ഒരു ഒരാളെ ചേർക്കുകയുണ്ടായി.മൊത്തം അംഗങ്ങൾ 35 പേരാണ്.അതിൽ 33 പേരും സജീവമായി പോകുന്നു. വെൽഫെയറിൽ 16 പേരും ആക്റ്റീവ് ആണ്.

## ഖത്തർ ബ്രാഞ്ച്

അംഗസംഖ്യയിൽ വളരെ മുന്നിട്ടു നിൽക്കുന്ന ഒരു ബ്രാഞ്ച് ആണ് ഖത്തർ. ചാരിറ്റിയിൽ ആയിരുന്നാലും മറ്റു സംഘടനാപരമായ ഏതു കാര്യത്തിലും പ്രവർത്തന പാടവം തെളിയിച്ച ഒരു ബ്രാഞ്ചും കൂടിയാണ്. സംഘടനയുടെ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ് ഖത്തർ ഘടകം തന്നെയാണ്. അതിനായി എപ്പോഴും നേതിർനിരയിൽ നിൽക്കുന്നവരുടെ ആത്മാർത്ഥത എടുത്തു പറയേണ്ടതാണ് . അവരുടെ പ്രവർത്തനം അഭിനന്ദാർഹവുമാണ്. എന്നാൽ ഇപ്പോൾ ഖത്തർ ഗവണ്മെന്റ് തലത്തിൽ നിന്നുള്ള നിയമ വശങ്ങൾ നമുക്കു അനുകൂലമല്ലാത്തതുകൊണ്ടു ചാരിറ്റിയിലും മറ്റും ചില കുറവുകളുണ്ട് . ഒരിക്കലും അങ്ങനെ ആകരുത് പഴയകാല സ്മരണകൾ പുതുക്കി അതിലൂടെയുള്ള ഊർജം പകർന്നുകൊണ് സംഘടനാ മനോഭാവം ഒട്ടും തന്നെ കൈവിടാതെ നിങ്ങളുടെ പ്രവർത്തന മണ്ഡലത്തെ ഓരോരുത്തരുടെയും പ്രവർത്തനം കൊണ്ട് ഫലഭൂയിഷ്ഠമാക്കികൊണ്ടു മുന്നോട്ടു പോകുക എന്നുള്ള നിർദേശം കൂടി ഖത്തർ കമ്മിറ്റിക്കു മുന്നിൽ വെക്കുകയാണ്. എല്ലാ അർത്ഥത്തിലും തസ്ഥാനങ്ങൾ വഹിക്കുന്ന സെക്രട്ടറി ജനാബ് സുദീർഷ , പ്രസിഡന്റ് ജനാബ് രസാഹ് മുഹമ്മദ് ഇസ്മായിൽ, ട്രെഷറർ ജനാബ് സാബു എം.ഐ എന്നിവർക്കു CC യുടെ അകമഴിഞ്ഞ പ്രശംസയും അഭിനന്ദനങ്ങളും അറിയിക്കുകയാണ്. ഖത്തർ ബ്രാഞ്ചിന്റെ ഭാഗത്തു നിന്നും റാക് ഫ്രഷിന്റെ ഫണ്ട് പിരിവുമായി ബന്ധപ്പെട്ടു ജനാബ് ബൈജുവിനൊപ്പം ജനാബ് അർഷും,ജനാബ് സജുവും മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. ഭരണഘടന പരിഷ്കരണവുമായി ബന്ധപ്പെട്ടു ആ ഗ്രൂപ്പിൽ ജനാബ് ബസറി ഉൾപ്പെടുകയും വളരെ കൃത്യമായും

സൂക്ഷ്മതയോടും കൂടി ഓരോ പോയിന്റും മനസിലാക്കി വിലയിരുത്തി മാറ്റങ്ങൾ വേണ്ട സ്ഥലത്തു അദ്ദേഹത്തിന്റെ ഇടപെടൽ ഉണ്ടാകുകയും കാലഘട്ടത്തിനു അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി അംഗീകരിച്ചു പോകുകയും ചെയ്തിട്ടുണ്ട്.കൂടാതെ അദ്ദേഹത്തിന്റെ അറിവിന്റെ ഭാഗമായി കൂട്ടായിമയുടെ മറ്റു പല മേഖലകളിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കോർത്തിണക്കി മുന്നോട്ടു പോയിട്ടുണ്ട്. അദ്ദേഹത്തിനും **CC** യുടെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുകയാണ്. ജനാബ് സഹദ് സിറാജ് ബ്രാഞ്ചിന്റെ നേതൃത്വ നിരയിൽ ഉള്ളതുപോലെ തന്നെ ബിസിനസിനെ നയിക്കുന്ന **DB** യിലും അംഗമാണ്. ഒപ്പം രക്മാർട്ടിന്റെ ഇൻവെന്ററി കുറ്റമറ്റതാക്കാൻ ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിനും **CC** യുടെ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.കഴിഞ്ഞ **12** മാസകാലത്തു ചാരിറ്റി ആയി **27550**/- റിയാലും, വെൽഫെയർ ആയി **4450**/- റിയാലും ,മെംബേർസ് ഫണ്ട് ആയി **8117**/- റിയാലും , മെമ്പർഷിപ് ഫീസ് ആയി **600**/- റിയാലും പിരിച്ചെടുക്കുകയുണ്ടായി. മൊത്തം **42144.49**/- റിയാലും പിരിച്ചെടുക്കുകയുണ്ടായി. ബാങ്ക് പ്രോഫിറ്റ് ആയി **1427.49 /-** റിയാലും കൈവശമുണ്ട് . മൊത്തം അംഗങ്ങൾ **747** പേരാണ്.അതിൽ **303** പേരും സജീവമായി പോകുന്നു. വെൽഫെയറിൽ **67** പേരു ആക്റ്റീവ് ആണ്. പുതുതായി ചേർന്നിട്ടുള്ളത് **12** പേരാണ്..ഖത്തർ ബ്രാഞ്ചിൽ നിന്നും ഈ കാലയളവിൽ **5** തവണ പെൻഷൻ അയക്കുകയുണ്ടായി. അത് 2024 സെപ്തംബർ മാസം 59500/- രൂപയും ,2025 ജനുവരി മാസം 66500/- രൂപയും ഒറ്റത്തവണ സഹായമായി **2**5000/- രൂപയും , 2025 മാർച്ച് മാസം 65500/- രൂപയും 2025 ജൂൺ മാസം 73000 /- രൂപയും ,2025 ഓഗസ്റ്റ് മാസം 75000/-രൂപയും ഒപ്പം 30000/- രൂപ ഒറ്റത്തവണ സഹായവും അയക്കുകയുണ്ടായി. ഒപ്പം ചാരിറ്റിയുടെ നീക്കിയിരിപ്പു തുകയായി 32,81,250/- രൂപയും മെംബേർസ് ഫണ്ട് വകയായി **34,35,265**/-രൂപയും വർക്കലയിലെ കൈരളി ജൂവല്ലറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

## ദുബായ് ബ്രാഞ്ച്

സംഘടനാപരമായി **CC** എടുക്കുന്ന ഏതു തീരുമാനത്തെയും രണ്ടു കൈയും നീട്ടി സ്വീകരിച്ചു തീരുമാനങ്ങൾ യഥാസമയം ബ്രാഞ്ചുകളിലേക്കു എത്തിച്ചു അത് നടപ്പിലാക്കാനും മറ്റെല്ലാ ചാരിറ്റി പ്രവർത്തനങ്ങളിലും അവരുടെ സാന്നിധ്യം ഉറപ്പു വരുത്തി മുന്നോട്ടുപോകുന്ന രീതിയാണ് ദുബായ് ബ്രാഞ്ച് അവലംബിച്ചു പോകുന്നത്. അതെന്നും നേതിര്ത്വ നിരയുടെ പ്രവർത്തന പാടവം തന്നെയാണ്. പ്രസിഡന്റ് ജനാബ് മാഹീൻ, സെക്രെട്ടറി ജനാബ് അമീർ സവാദ് , ട്രെഷറർ ആയ ജനാബ് നിസ്സാം അബ്ദുൾറഹ്മാൻ ഇവരുടെ നിസ്വാർഥമായ സേവനം ബ്രാഞ്ചിന് എന്നും കരുത്തേകിയിട്ടുണ്ട്. ഇത്തരുണത്തിൽ **CC** യുടെ അഭിനന്ദനം അറിയിക്കുകയാണ്. ദുബായ് ബ്രാഞ്ചിന്റെ ഭാഗത്തു നിന്നും റാക് ഫ്രഷിന്റെ ഫണ്ട് പിരിവുമായി ബന്ധപ്പെട്ടു പ്രസിഡന്റ് ജനാബ് മാഹീനൊപ്പം ജനാബ് നൗഷാദ് അബ്ദുൾറഹ്മാനും (ചെയർമാൻ) , ജനാബ് നിസ്സാം.വൈ (**CC** സെക്രെട്ടറി) മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. ഒപ്പം ചേർത്ത് പറയാനുള്ള ഒരു വ്യക്തിത്വം ദുബായ് ബ്രാഞ്ചിലുണ്ട്. ജനാബ് മുഹമ്മദ്

ഇസ്മായിൽ ഐബക്, സംഘടനയുടെ അകത്തും പുറത്തും ചാരിറ്റി ആകട്ടെ മറ്റു കാരുണ്യ പ്രവർത്തങ്ങൾ ആകട്ടെ എന്നും എക്കാലവും മുന്നിൽ തന്നെയുണ്ട് .അദ്ദേഹത്തിന്റെ ഈ പകരം വെക്കാനില്ലാത്ത പ്രവർത്തനത്തെ മാനിച്ചു ദുബായ് ബ്രാഞ്ചിന്റെ അനുമോദനങ്ങളും ആശസകളും ഏറ്റുവാങ്ങുകയുണ്ടായി. ഇത്തരുണത്തിൽ CC യുടെ ഭാഗത്തു നിന്നും അദ്ദേഹത്തിന്റെ സൽപ്രവർത്തനത്തെ മുൻനിർത്തി നന്ദിയും കടപ്പാടും അറിയിക്കുന്നതിനൊപ്പം അദ്ദേഹത്തിന്റെ ആയുരാഗ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദുബായ് ബ്രാഞ്ചിൽ നിന്നുള്ള ജനാബ് നിസ്സാംഅബ്ദുൾറഹ്മാൻ നിലവിൽ ബ്രാഞ്ചിന്റെ ട്രെഷറും എന്നാൽ അദ്ദേഹത്തിന്റെ കഴിവിനെ മാനിച്ചു CC ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്കും അവരോധിക്കപ്പെട്ടിരുന്നു. സെക്രട്ടറി എന്ന നിലയിൽ എനിക്ക് എന്നും ഒരു താങ്ങും തണലുമായിരുന്നു അദ്ദേഹത്തിന്റെ പിന്തുണ. ഏതൊരു കാര്യത്തിനും അഭിപ്രായങ്ങൾ ചോദിക്കാനും അത് നടപ്പിലാക്കാനും എന്നെ ഏറെ സഹായിച്ചിരുന്നു. CC യുമായി ബന്ധപ്പെട്ടുള്ള എല്ലാ മീറ്റിംഗുകളിലും അദ്ദേഹത്തിന്റെ ഒരു കൈയൊപ്പ് ഉണ്ടായിരുന്നു. മീറ്റിംഗ് ലിങ്ക് സമയത്തു പോസ്റ്റ് ചെയ്യുന്നതിലും , മീറ്റിംഗ് ഹോസ്റ്റ് ആയി തുടക്കം മുതൽ അവസാനം വരെ നിയന്ത്രിച്ചു പോകുന്നതും , ഭരണഘടന പരിഷ്കരണത്തിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ എഴുതി ചേർക്കപ്പെട്ടതും ഒക്കെ എടുത്തു പറയേണ്ട കാര്യം തന്നെയാണ്. കൂട്ടായിമയുടെ വാർഷിക സമ്മേളനവുമായി ബന്ധപ്പെട്ടു പബ്ലിഷ് ചെയ്ത പോസ്റ്ററും ഉൽഘാടനത്തിനും ആശംസ പ്രസംഗത്തിനുമായി കൊണ്ട് വരപ്പെട്ട മത പണ്ഡിതമാരെയും ഒക്കെ സമയ ബന്ധിതമായി തന്നെ അദ്ദേഹത്തിന്റെ ഇടപെടൽ തന്നെയായിരുന്നു. അദ്ദേഹത്തിനും CC യുടെ പേരിലും സംഘടനയുടെ പേരിലും നന്ദിയും കടപ്പാടും അറിയിക്കുകയാണ്. ഭരണഘടന കമ്മിറ്റിയിൽ ദുബായ് ബ്രാഞ്ചിൽ നിന്നും CC സെക്രട്ടറി ഉൾപ്പടെ 5 പേര് പങ്കെടുത്തിരുന്നു.ജനാബ് അഷീർഖാൻ, തംബിഖാൻ , അമീർ സവാദ്, നിസ്സാം എ.ആർ എന്നിവരാണ്. ഇവരിൽ നിന്നെല്ലാം വിലപ്പെട്ട അഭിപ്രായങ്ങൾ ഭരണഘടയിലേക്കു എത്തപ്പെട്ടിട്ടുണ്ട്. CC യുടെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ 12 മാസകാലത്തു ചാരിറ്റിആയി 6180/- ദിർഹംസും, വെൽഫെയർ ആയി 2900/- ദിർഹംസും , , മെമ്പർഷിപ് ഫീസ് ആയി 1000/- ദിർഹംസും പിരിച്ചെടുക്കുകയുണ്ടായി. മൊത്തം 9830/- ദിർഹംസ് പിരിച്ചെടുത്തു. മൊത്തം അംഗങ്ങൾ 206 പേരാണ്.അതിൽ 100 പേരും ചാരിറ്റിയിൽ സജീവമായി പോകുന്നു. വെൽഫെയറിൽ 32 പേരു ആക്റ്റീവ് ആണ്. പുതുതായി ചേർന്നിട്ടുള്ളത് 20 പേരാണ്. ഈ കാലയളവിൽ രണ്ടു പ്രാവശ്യം പെൻഷൻ തുക അയക്കുകയുണ്ടായി. ആദ്യത്തെ പെൻഷനായി 2024 ഡിസംബർ മാസത്തെ പെൻഷനായി 69500/-രൂപയും , രണ്ടാമത്തെ പെൻഷനായി 2025 ഏപ്രിൽ മാസത്തെ പെൻഷനായി 67500/-രൂപയും ഒറ്റ തവണ സഹായമായി 10000/- രൂപയും അയക്കുകയുണ്ടായി.

# RATHICKAL KOOTAIMA
## U A E ,QATAR & RATHICKAL
## സെൻട്രൽ കമ്മറ്റി 2024-2025

### റാത്തിക്കൽ ബ്രാഞ്ച്

സംഘടനാപരമായ തീരുമാനങ്ങളും മറ്റും എടുക്കുന്നത് **CC** വഴിയാണെങ്കിലും അത് പ്രാവർത്തികമാക്കുന്നത് റാത്തിക്കൽ ബ്രാഞ്ചിൽ കൂടിയാണ്. കൂട്ടായിമയുടെ നിലനിൽപ്പിന്റെ ഒരു അടിസ്ഥാന ഘടകം റാത്തിക്കൽ ബ്രാഞ്ച് തന്നെയാണ്. നേതിര്ത്വനിരയുടെ ഉത്തരവാദിത്വബോധവും മുതിർന്ന അംഗങ്ങളുടെ ഉപദേശരൂപേണയുള്ള ഇടപെടലും ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾക്കു ആക്കം കൂട്ടുന്നു. സൽപ്രവർത്തനങ്ങൾക്കു വിള്ളൽ വീഴാതെ മുന്നോട്ടു തന്നെ പോകട്ടെ ...ആശംസകളോടെ നേതിര്ത്വ നിരയിലുള്ള സെക്രട്ടറി ജനാബ് ഉല്ലാസ് നസ്റുല്ല ,പ്രസിഡന്റ് ഷക്കീർ കെ.പി, ട്രെഷറർ റാഫി മുഹമ്മദ് ഇസ്മായിൽ എന്നിവർക്കു **CC** യുടെ അഭിനന്ദനങ്ങളും ഇത്തരുണത്തിൽ അറിയിക്കുകയാണ്. കഴിഞ്ഞ **12** മാസകാലത്തു ചാരിറ്റി ആയി **44020**/- രൂപയും, വെൽഫെയർ ആയി **88280**/- രൂപയും , ബാങ്ക് പ്രോഫിറ്റ് ആയി **17039/-** രൂപയും പിരിച്ചെടുക്കുകയുണ്ടായി.. മൊത്തം **1,49,339/-** രൂപ കളക്ട് ചെയ്തു വന്നിട്ടുണ്ട്.. മൊത്തം അംഗങ്ങൾ **150** അതിൽ ചാരിറ്റിയിൽ സജീവമായിട്ടുള്ളത് **87** അംഗങ്ങൾ ആണ്.വെൽഫെയറിൽ സജീവമായിട്ടുള്ളത്**70** പേരാണ്. 2024 ഒക്ടോബർ മാസത്തെ പെൻഷനായി **59**500/-രൂപയും ചെലവഴിച്ചിട്ടുണ്ട്. വെൽഫെയറിൽ നിന്നും 25,000 /- രൂപയും ,ബാങ്ക് പ്രോഫിറ്റിൽ നിന്നും 1400/- രൂപയും ചിലവായി വന്നിട്ടുണ്ട്. ഇതുവരെ റാതിക്കൽ ബ്രാഞ്ചിന്റെ അക്കൗണ്ട്സിൽ ചാരിറ്റി ,വെൽഫെയർ , ബാങ്ക് പ്രോഫിറ്റ് എന്നീ ഇനത്തിൽ ആകെ 1190844.09/- രൂപ നീക്കിയിരിപ്പുണ്ട്.

### ആകെ അംഗങ്ങൾ

റാക് കൂട്ട്ടായിമയുടെ ആകെ അംഗ സംഖ്യ **1227** ആണെങ്കിലും, കൊഴിഞ്ഞു പോകലിന്റെയും, മരണത്തിലൂടെയും ഒക്കെ അംഗ സംഖ്യയിൽ വളരെ കുറവ് സംഭവിച്ചിട്ടുണ്ട്. ചാരിറ്റയിലൂടെ സജീവമായി നിൽക്കുന്നത് **582** പേരും, വെൽഫെയറിൽ **219** പേരുമാണ്. ഈ കാലയളവിൽ സംഘടനയിൽ പുതുതായി ചേർന്നവർ **37** പേരാണ്. ഇതെല്ലം കണക്കിലെടുത്തു **CC** ക്കു ബ്രാഞ്ച് നേതൃത്വത്തോട് നിർദേശം വെക്കാനുള്ളത് നിലവിൽ ഓരോ ബ്രാഞ്ചിലുള്ള ആക്റ്റീവ് അല്ലാത്ത അംഗങ്ങളെ സജീവമായി കൊണ്ടുവരാനുള്ള ശ്രമം തുടരണമെന്നും പുതുതായി അംഗങ്ങളെ കൂട്ടായിമയിലേക്കു ചേർക്കാനുള്ള ഉത്തരവാദിത്വം കൂടി ഏറ്റെടുത്തു മുന്നോട്ടു പോകണമെന്നുള്ള അഭ്യർത്ഥന കൂടി പങ്കുവെക്കുകയാണ്.

### രക്ഷാധികാരി കമ്മിറ്റി

ജനാബ് മഹ്മൂദ് ചെയർമാനായുള്ള കമ്മിറ്റിയിൽ മറ്റുള്ള **5** ബ്രാഞ്ചുകളിൽ നിന്നും റാതിക്കൽ ബ്രാഞ്ചിന് മുന്ഗണന നൽകി **10** അംഗങ്ങളും ഖത്തർ ബ്രാഞ്ചിൽ നിന്നും **2** പേരും മറ്റുള്ള ബ്രാഞ്ചിൽ നിന്നും ഓരോരുത്തരുമായി കമ്മിറ്റി രൂപീകരിക്കപ്പെട്ടു. കമ്മിറ്റിയുടെ പ്രാരംഭദിശയിൽ തന്നെ അവരുടേതായ തനതായ രീതിയിലുള്ള പ്രവർത്തനം തുടങ്ങി വെക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഖത്തർ ബ്രാഞ്ചിൽ

മുതിർന്ന അംഗമായ ജനാബ് ബാജി ഉൾപ്പെടുന്ന ഒരു വിഭാഗം അംഗങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന അസ്വാരസിയം പലഘട്ട ചർച്ചയിലൂടെ പരിഹരിക്കപ്പെട്ടു എന്നതാണ് CC മീറ്റിംഗിൽ കൂടി അറിയിച്ചത്. ഇതുപോലുള്ള നല്ല പ്രവർത്തനങ്ങൾ എന്നും കൈമുതലായി കൊണ്ടുപോകുകയും വരുംകാല കമ്മിറ്റിക്കും അതൊരു പ്രചോദനമായി വരട്ടെയെന്നു പ്രത്യാശിക്കാം. കൂടാതെ CC കമ്മിറ്റിയുടെ പ്രവർത്തന സൂക്ഷമതക്കായി 10 നിർദേശങ്ങൾ കൊടുക്കുകയും ചെയ്തു. അതിനെ പഠിച്ചു അതിന്റെ മറുപടി എന്നോണം ചില നിർദേശങ്ങളുടെ മേൽ അവരുടെതായ ചില മറുചോദ്യം ഉന്നയിക്കുകയും ചെയ്തു. എന്നാൽ ഇതിനായി ഒരു മീറ്റിംഗ് വിളിച്ചു കൂട്ടി കൊടുത്ത നിർദേശങ്ങൾക്ക് ഒരു തീരുമാനത്തിലെത്താമെന്നും CC അറിയിക്കുകയുണ്ടായി. അതിൻപ്രകാരം CC യുമായി നടന്ന രണ്ടാമത്തെ മീറ്റിംഗിൽ രക്ഷാധികാരി കമ്മിറ്റി വെച്ച നിർദ്ദേശങ്ങളുടെ മേൽ CC പ്രസിഡന്റ് വളരെ നീതിയുക്തമായ രീതിയിൽ മറുപടിയും നൽകി. ഒപ്പം നമ്മുടെ കൂട്ടായിമയുടെ ആസ്ഥാനം എന്ന നിലയിൽ ഒരു ഓഫീസ് കെട്ടിടം ആവശ്യം ആണെന്നുള്ളതുകൊണ്ടു അതിനു അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിച്ചു CC യെ അറിയിക്കാനുള്ള നിർദേശം രക്ഷാധികാരി കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്തു. അതിനു ശേഷം CC യുടെ രക്ഷാധികാരി കമ്മിറ്റിയുമായി ചേർന്നു നടന്ന രണ്ടാമത്തെ മീറ്റിംഗിൽ വളരെ ഖേദകരമായ ഒരു അന്തരീക്ഷം ഉടലെടുക്കുകയുണ്ടായി. എന്തെന്നാൽ രക്ഷാധികാരി കമ്മിറ്റിയുടെ അംഗങ്ങളുടെ ഇടയിൽ തന്നെ അസ്വാരസിയം നിലനിൽക്കുന്നുവെന്നും , ചെയർമാൻ ജനാബ് മഹ്മൂദ് CC യിൽ ഉന്നയിച്ച തീരുമാനങ്ങൾ മറ്റുള്ള അംഗങ്ങൾ അറിഞ്ഞതല്ലായെന്നുള്ള ആരോപണം CC യെ ബോധ്യപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മീറ്റിംഗ് കഴിഞ്ഞു പിറ്റേദിവസം ചെയർമാൻ സ്ഥാനം ജനാബ് മഹ്മൂദ് അവർകൾ രാജിവെക്കുകയും ചെയ്തു. ഒരു സീനിയർ അംഗം കൂടിയായ ജനാബ് മഹ്മൂദ് അവര്കളിൽ നിന്നുണ്ടായ അപക്വമായ തീരുമാനം അംഗങ്ങൾ പൊതുവെ വിമർശനം രേഖപ്പെടുത്തുകയും ചെയ്തു. ശേഷം അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരണമെന്നുള്ള പൊതു അഭിപ്രായം മാനിച്ചു CC പ്രസിഡന്റ് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താമെന്നും , സംസാരിച്ചു ഒത്തുതീർപ്പിൽ എത്താമെന്നുള്ള ഉറപ്പും നൽകിയിരുന്നു.

### ഭരണഘടനാ ഭേദഗതി കമ്മിറ്റി

നിലവിലുള്ള ഭരണഘടന പ്രകാരം സംഘടനയുടെ മുന്നോട്ടുപോക്ക് ചില ഘട്ടങ്ങളിൽ പ്രതിസന്ധി നേരിടേണ്ടി വരുന്നതിനാൽ, ഭരണഘടനയിൽ ചില ഭേദഗതികൾ അത്യാവശ്യമാണെന്ന് സെൻട്രൽ കമ്മിറ്റിക്കു ബോധ്യപ്പെട്ടതിനെ തുടർന്നു CC പ്രസിഡന്റ് ലീഡ് ചെയ്യുന്ന ഒരു 15 അംഗ കമ്മിറ്റിക്കു രൂപം കൊടുക്കുകയും അതിനായി ഒരു വാട്സ്ആപ് ഗ്രൂപ്പ് ക്രിയേറ്റ് ചെയ്തു അതിലേക്കു ചർച്ചക്ക് വഴിയൊരുക്കുകയും അർദ്ധവാർഷിക സമ്മേളനത്തിൽ അതിന്റെ കരട് രൂപം സമർപ്പിച്ചിരുന്നു. അതിനു ശേഷം മറ്റെല്ലാ ബ്രാഞ്ചുകളുടെയും സെൻട്രൽ കമ്മിറ്റിയുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു, വീണ്ടും പരിഷ്കരിച്ചു GB യിലൂടെ അപ്പ്രൂവ് ചെയ്യാമെന്നുള്ള തീരുമാനത്തിലെത്തി. അതിനുശേഷം വലിയ തോതിലുള്ള അഭിപ്രായങ്ങൾ

വന്നില്ലായെങ്കിലും വന്നത് അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ജനറൽ ബോഡിയിൽ അംഗീകാരത്തിനായി വെക്കുന്നതാണ്. ഭരണഘടന ഭേദഗതിയിൽ ഉൾപ്പെട്ട 15 പേര് അവരവരുടേതായ വിലപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും അത് ചർച്ചക്ക് വെച്ച് അംഗീകരിച്ചു ഭരണഘടനയോടു ചേർത്ത് വെക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഓരോരുത്തർക്കും സംഘടനയുടെ പേരിലും CC യുടെ പേരിലും അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

## നന്ദി

ഈയൊരു വേളയിൽ നന്ദിയും കടപ്പാടും അറിയിക്കേണ്ട ഒട്ടേറെ വ്യക്തിത്വങ്ങൾ നമുക്കിടയിലുണ്ട്. അതൊരു വാക്കുകൊണ്ട് മാത്രം തീർക്കാവുന്ന കാര്യമല്ല . പുതിയ കച്ചവട സ്ഥാപനം എന്ന ആശയം കഴിഞ്ഞ DB യിൽ ഉടലെടുത്തുവെങ്കിലും അത് പ്രവർത്തന നിരതമായതു ഇപ്പോഴുള്ള DB യിലൂടെയാണ്. ഇതിന്റെ ആശയം ഉൾക്കൊണ്ട് മുന്നോട്ടു വന്ന കഴിഞ്ഞ കാല DB ചെയര്മാന് മറ്റു DB അംഗങ്ങൾക്കും എല്ലാ അർത്ഥത്തിലും CC യുടെ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. അതിനുശേഷം പുതിയ നേതിര്ത്വം നിലവിൽ വരികയും കഴിഞ്ഞ DB എടുത്ത തീരുമാനങ്ങൾക്കു ഒരു കേടുപാട് കൂടാതെ അതെ ആശയവുമായി മുന്നോട്ടുപോകുകയും എടുത്ത തീരുമാനം നടപ്പിലാക്കുകയും ചെയ്ത ജനാബ് നൗഷാദ് അബ്ദുൾറഹ്മാൻ ചെയർമാനായുള്ള ബിസിനസ് ടീമിന് CC യുടെ പേരിൽ എല്ലാ വിധ അഭിനന്ദനങ്ങളും നേരുന്നു.ഭാവിയിൽ വരുന്ന DB ക്കു ഇതേപോലുള്ള ആശയങ്ങൾക്ക് രൂപം നൽകാനുള്ള ശേഷി ഉണ്ടാകട്ടെയെന്നു ആഗ്രഹിക്കാം പ്രാർത്ഥിക്കാം. ഒപ്പം ചേർത്ത് പറയാനുള്ളത് DB എടുക്കുന്ന എല്ലാ തീരുമാനങ്ങൾക്കു എന്നും എപ്പോഴും കരുത്തേകികൊണ്ടു കൂടെ നിലയുറപ്പിച്ച CC പ്രസിഡന്റ് ജനാബ് അഡ്വ.അൻസാരിയുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾക്കും നന്ദിയും കടപ്പാടും അറിയിക്കുന്നു. കൂടാതെ നമ്മുടെ 5 ബ്രാഞ്ചുകളുടെ ഉയർച്ചക്ക് വേണ്ടി പ്രവർത്തിക്കുന്ന കര്മനിരതരായ നേതൃത്വം ഉണ്ട്, അവർക്കും അഭിനന്ദനങ്ങളുടെ പൂച്ചെണ്ട് അർപ്പിക്കുകയാണ്. എന്നും നമ്മുടെ ശക്തി എന്ന് പറയുന്നത് നിസ്വാർത്ഥരായ നമ്മുടെ അംഗങ്ങളാണ്. അവർക്കായി ഏതു രീതിയിലാണ് നന്ദിയും കടപ്പാടും പറഞ്ഞറിയിക്കേണ്ടതെന്നു അറിയില്ലയെങ്കിലും എല്ലാ അർത്ഥത്തിലും CC യുടെയും നമ്മുടെ കൂട്ടായിമയുടെയും പേരിൽ സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുകയാണ്. ഇതിനെല്ലാം പുറമെ ഇന്നും എന്നും നമ്മുടെ കൂട്ടായിമ നിലനിൽക്കുന്നത് "നന്മയിൽ സഹകരണം തിന്മയിൽ നിസ്സഹരണം" എന്ന ആപ്ത വാക്യത്തിൽ കൂടിയാണ് എന്നുള്ള കാര്യം കൂടി ഈ സദസിനെ ഓർമപ്പെടുത്തുകയാണ്. ആ സഞ്ചാര പഥത്തിൽ കൂടി ആയിരിക്കണം നമ്മൾ ഓരോരുത്തരുടെയും മുന്നോട്ടുള്ള യാത്ര എന്നോര്മിപ്പിച്ചുകൊണ്ടു ഈ പ്രവർത്തന റിപ്പോർട്ട് തത്കാലം അവസാനിക്കുന്നു. അസ്സലാമു അലൈക്കും വ റഹുമത്തുള്ളാഹി ബറകാതുഹു.

## സെൻട്രൽ കമ്മിറ്റിക്കുവേണ്ടി

# RATHICKAL KOOTAIMA

## U A E ,QATAR & RATHICKAL

## സെൻട്രൽ കമ്മറ്റി 2024-2025

| സെക്രട്ടറി | പ്രസിഡന്റ് | ട്രെഷറർ |
|---|---|---|
| നിസാമുദീന്.വൈ | അഡ്വ.അൻസാരി | സജീം സുബൈർ |